# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജൂലൈ 11 | ദീപം 57 | നാളം 18 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# പുതുനിയമങ്ങളുടെ ന്യായസംഹിതകൾ




അനിൽ ജെ. തയ്യിൽ




ആശങ്കകൾ ബാക്കിനിർത്തി, പ്രതിഷേധത്തിന്റെ കടലിരമ്പം വകവയ്ക്കാതെ പുതിയ ക്രിമിനൽ - തെളിവുനിയമങ്ങൾ 2024 ജൂലൈ 1 മുതൽ ഭാരതത്തിൽ നിലവിൽ വന്നു. 1860 മുതൽ നിലനിൽക്കുന്ന ഇന്ത്യൻ പീനൽ കോഡ് (ഐ.പി.സി.) ഭാരതീയ ന്യായസംഹിത (ബി.എൻ.എസ്.) എന്നും, 1973 മുതൽ നിലനിൽക്കുന്ന ക്രിമിനൽ പ്രൊസീജ്യർ കോഡ് (സി.ആർ.പി.സി.) ഭാരതീയനാഗരിക് സുരക്ഷാ സംഹിത (ബി.എൻ.എസ്. എസ്.) എന്നും, 1872 മുതലുള്ള ഇന്ത്യൻ എവിഡൻസ് ആക്ട് ഭാരതീയ സാക്ഷ്യ അധീനിയം (ബി.എസ്.എ.) എന്നുമാണ് ഇനി അറിയപ്പെടുന്നത്. വെറുമൊരു പേരുമാറ്റലല്ല; മറിച്ച്, നിയമങ്ങളുടെ സമൂലമാറ്റമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. ന്യായസംഹിതപ്രകാരമുള്ള ആദ്യകേസിൽ ജൂലൈ ഒന്നിന് ഡൽഹി കമല മാർക്കറ്റിനുസമീപം ലഹരിമരുന്നു കച്ചവടക്കാരനെതിരേ വകുപ്പ് 255 പ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്തു.

നിയമങ്ങൾ പരിഷ്കരിച്ചു പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കാനെന്നവകാശപ്പെട്ടാണ് അന്നത്തെ ആഭ്യന്തര മന്ത്രി അമിത് ഷാ 2023 ഓഗസ്റ്റ് 12 ന് പാർലമെന്റിൽ പുതിയ നിയമങ്ങളുടെ കരട് അവതരിപ്പിച്ചത്. എന്നാൽ, ബിജെപിക്കു ഭൂരിപക്ഷമുള്ള പാർലമെന്റിന്റെ സ്ഥിരംസമിതിതന്നെ കരടുനിയമങ്ങളിലെ നിലവാരമില്ലായ്മ ചൂണ്ടിക്കാട്ടിയതോടെ ഡിസംബർ 13 ന് അവ പുതുക്കി അവതരിപ്പിക്കുകയുണ്ടായി. തുടർന്ന്, ഡിസംബർ 25 ന് രാഷ്ട്രപതി അംഗീകാരം നൽകുകയും 2024 ഫെബ്രുവരിയിൽ വിജ്ഞാപനമിറക്കുകയും ചെയ്യുകയായിരുന്നു.

**2024 ജൂലൈ ഒന്നുമുതൽ പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരുമ്പോൾ ജൂൺ 30 വരെയുള്ള കുറ്റകൃത്യങ്ങൾ പഴയ നിയമപ്രകാരമാകും വിചാരണ ചെയ്യപ്പെടുന്നതും ശിക്ഷ വിധിക്കപ്പെടുന്നതും. കുറെ വർഷങ്ങളിലേക്ക് രണ്ടു നിയമങ്ങളും പിന്തുടരേണ്ടിവരുന്ന അവസ്ഥയാണ് രാജ്യത്തു സംജാതമാവുന്നത്. ഒരേ കുറ്റത്തിനു രണ്ടു നിർവചനവും രണ്ടു വിചാരണരീതികളും രണ്ടു ശിക്ഷാവിധികളുമാണ് ഉണ്ടാവുകയെന്നത് രണ്ടു നീതി എന്ന മനുഷ്യാവകാശ പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.**

## സുപ്രധാനമാറ്റങ്ങൾ

ഐപിസിയിലും, സിആർപിസിയിലുമാണ് സുപ്രധാന മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നത്. ഇന്ത്യൻ പീനൽ കോഡിനെ സമ്പൂർണമായിത്തന്നെ പൊളിച്ചെഴുതി എന്നു വേണമെങ്കിൽ പറയാം. ഐപിസിയിൽ 511 വകുപ്പുകൾ ഉണ്ടായിരുന്നത് ന്യായസംഹിതയിൽ 358 ആയി ചുരുങ്ങിയപ്പോൾ സിആർപിസിയിലെ 484 വകുപ്പുകൾ നാഗരിക് സുരക്ഷാസംഹിതയിൽ 531 ആയി വർധിച്ചു. 20 കുറ്റങ്ങൾ പുതുതായി നിർവചിച്ചു കൂട്ടിച്ചേർക്കുകയും 33 എണ്ണത്തിന്റെ ശിക്ഷ വർധിപ്പിക്കുകയും ചെയ്തു. 23 കുറ്റങ്ങൾക്കു നിർബന്ധിത ശിക്ഷാകാലാവധി ഉറപ്പാക്കിയപ്പോൾ 83 കുറ്റങ്ങൾക്കു വൻതോതിൽ പിഴത്തുക വർധിപ്പിക്കുകയാണു ചെയ്തത്. ഒരേ സ്വഭാവമുള്ള കുറ്റകൃത്യങ്ങളുടെ ചിതറിക്കിടന്നിരുന്ന വകുപ്പുകളെല്ലാം ഒരേ ചാപ്റ്ററിൽ ക്രോഡീകരിക്കുകയും, പെറ്റിക്കേസുകൾ, ആത്മഹത്യാശ്രമം, 5000 രൂപയിൽ താഴെ വരുന്ന മോഷണക്കേസുകൾ തുടങ്ങി താരതമ്യേന ചെറിയ കുറ്റകൃത്യങ്ങൾക്കു പ്രതികളുടെ സ്വഭാവനവീകരണം ലക്ഷ്യംവച്ച് പല വിദേശരാജ്യങ്ങളിലും ചെയ്യുന്നതുപോലെ പ്രതിഫലമില്ലാത്ത നിർബന്ധിത സാമൂഹികസേവനം നിർദേശിക്കുകയും ചെയ്തു. മോഷണത്തിന്റെ നിർവചനം വിപുലീകരിക്കുകയും ശിക്ഷാവിധികൾ പരിഷ്കരിക്കുകയും ചെയ്തതിനൊപ്പംതന്നെ, പ്രായപൂർത്തിയാവാത്ത പെൺകുട്ടികളുടെ നേർക്കുള്ള ലൈംഗികപീഡനം, കൂട്ടബലാത്സംഗം മുതലായവയ്ക്ക് വധശിക്ഷയോ ജീവിതാവസാനംവരെയുള്ള തടവുശിക്ഷയോ ഉറപ്പുവരുത്തി. വിവിധ വാഗ്ദാനങ്ങൾ നൽകി സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കുന്നത് ഗുരുതരകുറ്റകൃത്യമായി നിർവചിക്കുന്നുമുണ്ട്. അതേസമയം, ഐപിസി 377 പ്രകാരം ഉണ്ടായിരുന്ന പ്രകൃതിവിരുദ്ധലൈംഗികപീഡനം എന്നത് കുറ്റകൃത്യമല്ലാതാകുന്നു എന്ന മാറ്റം അനഭിലഷണീയമാണ്. എന്നാൽ, പോക്സോപ്രകാരം ഈ കുറ്റകൃത്യം നിലനിൽക്കുന്നുണ്ട്. ഐപിസി 34 എ യിൽ വരുന്ന അശ്രദ്ധമൂലം ഉണ്ടാകുന്ന അപകടമരണങ്ങൾക്കുള്ള ശിക്ഷ രണ്ടുവർഷം തടവ് എന്നത് അഞ്ചു വർഷമാക്കി വർധിപ്പിച്ചെങ്കിലും ഡോക്ടർമാരുടെ ചികിത്സപ്പിഴവിന് ഇതു ബാധകമാക്കിയിട്ടില്ല. ഒപ്പംതന്നെ, വാഹനമിടിച്ചിട്ടു റിപ്പോർട്ടു ചെയ്യാതെ രക്ഷപ്പെടുന്നത് (ഹിറ്റ് ആൻഡ് റൺ) ഗുരുതരശിക്ഷ ലഭിക്കുന്ന വകുപ്പായി ചേർത്തിട്ടുമുണ്ട്. മതമോ രാഷ്ട്രീയമോ നിറമോ ലിംഗമോ തുടങ്ങി ഏത് അടിസ്ഥാനത്തിലുള്ള ആൾക്കൂട്ടക്കൊലപാതകങ്ങളും വധശിക്ഷയോ ജീവപര്യന്തമോ ലഭിക്കാവുന്ന കുറ്റകൃത്യമായി പരിഗണിക്കുന്നു. കുറ്റകൃത്യം നടന്ന പ്രദേശമോ പോലീസ്സ്റ്റേഷന്റെ അധികാരപരിധിയോ പരിഗണിക്കാതെ രാജ്യത്തെ ഏതു സ്റ്റേഷനിലും എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ (സീറോ എഫ്ഐആർ) സാധിക്കും. കൂടാതെ, പരാതികളുടെ ഓൺലൈൻ രജിസ്ട്രേഷനും ഇലക്ട്രോണിക് സമൻസും പുതിയ നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭീകരവിരുദ്ധനിയമം

യുഎപിഎ ഭീകരവിരുദ്ധ നിയമത്തിന്റെ നിർവചനം ഉൾക്കൊണ്ട് അതിലും ശക്തമായ രീതിയിലുള്ള വകുപ്പുകൾ ന്യായസംഹിതയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സെക്ഷൻ 18 എ യും 18 ബി യും ന്യായസംഹിതയിൽ 113-ാം വകുപ്പുപ്രകാരം കുറ്റകൃത്യമായി പരിഗണിക്കുകയും കേസെടുക്കാനുള്ള അധികാരം പോലീസിനു ലഭിക്കുകയും ചെയ്യുന്നു. ഒപ്പംതന്നെ, ഇന്ത്യൻ കറൻസിയുടെ വ്യാജനിർമാണവും കൈമാറ്റവും ഭീകരപ്രവർത്തനമായി വിലയിരുത്തി യുഎപിഎയെക്കാൾ ശക്തമായ ശിക്ഷ ഉറപ്പുവരുത്തുന്നുമുണ്ട്.


▶ 4



സനിൽ പി. തോമസ്

# ലോകം കീഴടക്കി വീണ്ടും ഇന്ത്യൻ ക്രിക്കറ്റ് ടീം




ഇന്ത്യയും ദക്ഷിണാഫ്രിക്കയും ഏഴു മത്സരങ്ങൾ ജയിച്ചു. പക്ഷേ, ഇന്ത്യയുടെ ഏഴാം ജയം കലാശപ്പോരാട്ടത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് എതിരേ ആയപ്പോൾ ട്വന്റി 20 ലോകകപ്പ് രണ്ടാമതൊരിക്കൽക്കൂടി ഇന്ത്യയ്ക്ക്. പ്രാഥമിക റൗണ്ടിൽ പാക്കിസ്ഥാനെയും സൂപ്പർ എട്ടിൽ ഓസ്ട്രേലിയെയും സെമിയിൽ ഇംഗ്ലണ്ടിനെയും തോല്പിച്ച ഇന്ത്യയുടെ ജൈത്രയാത്ര ആധികാരികമായിരുന്നു. 2007 ൽ പ്രഥമ ട്വന്റി 20 ലോകകപ്പിൽ കിരീടം ചൂടിയ ഇന്ത്യയ്ക്ക് 2011 നുശേഷം ആദ്യമായൊരു ഐ.സി.സി. ലോകകപ്പ്.

ടീം പ്രഖ്യാപിക്കുന്നതിനു മാസങ്ങൾക്കുമുമ്പേ രോഹിത് ശർമയെ ക്യാപ്റ്റനായി നിശ്ചയിച്ച ബി.സി.സി.ഐ. മുൻ നായകൻ വിരാട് കോലിയുടെ സാന്നിധ്യവും ഉറപ്പിച്ചാണു ടീം തിരഞ്ഞെടുപ്പിലേക്കു കടന്നത്. ഹർദിക് പാണ്ഡ്യയെ ഉപനായകനാക്കിയപ്പോൾ ട്വന്റി 20 യിൽ രോഹിതിനുശേഷം ആരെന്ന് ചോദ്യത്തിനും ഉത്തരം നൽകി. കാനഡയ്ക്ക് എതിരായ പ്രാഥമികറൗണ്ട് മത്സരം മഴ മുടക്കിയപ്പോൾ ബാക്കി മത്സരങ്ങളിലെല്ലാം ഇന്ത്യൻ ആധിപത്യം പ്രകടമായി. രോഹിത്തും കോലിയും ആദ്യമത്സരങ്ങളിൽ ഫോമിലെത്താതെ പോയപ്പോൾ ഉയർന്ന ആശങ്കകൾക്കു പരിഹാരമായി ഇതരതാരങ്ങൾ രക്ഷകരുടെ റോൾ ഏറ്റെടുത്തു. സ്ഥിരം ഫോം കണ്ടെത്താൻ വിഷമിച്ചവർ പക്ഷേ, അവസരത്തിനൊത്തുയർന്നു.

കളിക്കാരനായും ക്യാപ്റ്റനായും ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ രോഹിത് ശർമയ്ക്ക് കിരീടനേട്ടം. 2007 ൽ പ്രഥമ ട്വന്റി 20 ലോകകപ്പ് ജയിച്ച ഇന്ത്യൻ ടീമിൽ അംഗമായിരുന്ന രോഹിത് ശർമയുടെ നേതൃത്വത്തിൽ ഇക്കുറി ബാർബഡോസിൽ ഇന്ത്യ കപ്പ് വീണ്ടെടുത്തു. വിജയസാധ്യത മാറിമാറി വന്ന കലാശപ്പോരാട്ടത്തിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ ഏഴു റൺസിനു പരാജയപ്പെടുത്തി. നിർണായകഘട്ടത്തിൽ ബാറ്റിങ് ഫോം വീണ്ടെടുത്ത വിരാട് കോലിയുടെ അർധ സെഞ്ചറി (59 പന്തിൽ 76), അക്സർ പട്ടേൽ നൽകിയ പിന്തുണ (31 പന്തിൽ 47), ഹാർദിക് പാണ്ഡ്യബൗളിങ്ങിൽ കൈവരിച്ച നിർണായക മികവ്, സൂര്യകുമാർ യാദവിന്റെ ഉജ്ജ്വലക്യാച്ചുകൾ. പരാജയത്തിന്റെ വക്കിൽനിന്ന് ഇന്ത്യ തിരിച്ചുവന്ന് വിജയം കൈപ്പിടിയിലാക്കുകയായിരുന്നു.

ടോസ് ജയിച്ച് ബാറ്റിങ് തിരഞ്ഞെടുത്ത ഇന്ത്യ 20 ഓവറിൽ ഏഴു വിക്കറ്റിന് 176 റൺസ് നേടി. മറുപടിയായി ദക്ഷിണാഫ്രിക്കയ്ക്ക് 20 ഓവറിൽ എട്ടു വിക്കറ്റിന് 169 റൺസ് എടുക്കാനേ സാധിച്ചുള്ളൂ. ക്വിന്റൻ ഡിക്കോക്കും (39) ട്രിസ്റ്റൻ സ്റ്റബ്സും(31) ഹെൻറിച്ച് ക്ലാസനും (52) ദക്ഷിണാഫ്രിക്കയെ വിജയത്തിന്റെ വക്കോളമെത്തിച്ചു. 15 ഓവറിൽ സ്കോർ നാലിന് 147 ആയിരുന്നു. 30 പന്തിൽ 30 റൺസ് എന്ന നിലയിൽ വിജയം ദൃഷ്ടിപഥത്തിൽ എത്തിയതാണ്.

ക്ലാസനെ ഹാർദിക് വീഴ്ത്തിയതോടെ കളി മാറി. അടിച്ചു തകർത്ത ഡേവിസ് മില്ലർ ഹാർദിക്കിനെ ഉയർത്തിയടിച്ചത് ബൗണ്ടറി വക്കിൽ സൂര്യകുമാർ കൈപ്പിടിയിലാക്കിയത് കളിയുടെ ഗതി ഇന്ത്യയ്ക്ക് അനുകൂലമാക്കി. അതു സിക്സർ അല്ല, ക്യാച്ച് തന്നെ എന്ന 'റിവ്യൂ' ഉറപ്പാക്കിയപ്പോൾ കപ്പ് ഇന്ത്യയ്ക്കു കൈയെത്തും ദൂരത്തായി. അക്സർ പട്ടേലിനെതിരേ ക്ലാസൻ പായിച്ച സിക്സറുകൾ 93 മീറ്ററും 103 മീറ്ററുമാണ് പിന്നിട്ടത്. കുൽദീപ് യാദവിനും കനത്തപ്രഹരം ഏൽക്കേണ്ടിവന്നു.

സ്പിന്നിനെ തുണയ്ക്കുമെന്നു കരുതിയവർക്കു തെറ്റി. ഇന്ത്യയെ രക്ഷിച്ചത് പേസ് ബൗളിങ് നിരയാണ്. അവസാന ഓവർ പാണ്ഡ്യയ്ക്കായി മാറ്റിവച്ച് രോഹിത് ശർമ വിജയം ഉറപ്പിക്കുകയായിരുന്നു. നിർണായകഘട്ടത്തിൽ ജസ്പ്രീത് ബുമ്രയും അർഷദീപ്സിങ്ങും റൺ ഒഴുക്ക് തടഞ്ഞു.

ഹാർദിക് പാണ്ഡ്യ മൂന്നു വിക്കറ്റും അർഷദീപും ബുമ്രയും രണ്ടു വിക്കറ്റു വീതവും വീഴ്ത്തി.

പോയവർഷം ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിലും ലോക ടെസ്റ്റ് ചാംപ്യൻഷിപ്പ് ഫൈനലിലും ഓസ്ട്രേലിയയോടു തോറ്റ ഇന്ത്യ നഷ്ടങ്ങളുടെ കഥ മാറ്റിയെഴുതി. കപിൽ ദേവിനും മഹേന്ദ്രസിങ് ധോണിക്കുംശേഷം ഇന്ത്യയെ ലോകചാംപ്യൻമാരാക്കിയ നായകനായി രോഹിത് ശർമ. ഇതോടെ ട്വിന്റി 20 യിൽ 50 വിജയങ്ങൾ നേടിയ നായകനുമായി രോഹിത്. സെമി വിജയത്തോടെതന്നെ, പാക്കിസ്ഥാന്റെ ബാബർ അസമിന്റെ 48 വിജയങ്ങളുടെ റെക്കോർഡ് രോഹിത് മറികടന്നിരുന്നു.

വിവിധ ലോകകപ്പുകളിൽ ഏഴുതവണ സെമിയിൽ പരാജയപ്പെട്ട ദക്ഷിണാഫ്രിക്കയുടെ പ്രഥമഫൈനൽ ആയിരുന്നിത്. സെമിയിൽ അഫ്ഗാനെതിരേ ആധികാരികജയം നേടിയ ദക്ഷിണാഫ്രിക്കയെ ഫൈനലിൽ ഭാഗ്യം തുണച്ചില്ലെന്നു പറയാം. എയ്ഡൺ മാർക്രമിന്റെ ടീം അത്യുജ്ജ്വല ഫീൽഡിങ്ങാണു കാഴ്ച വച്ചത്. കെൻസിങ്ടൺ ഓവലിൽ ദക്ഷിണാഫ്രിക്കയുടെ ആദ്യ മത്സരമായിരുന്നു ഇത്. ഇന്ത്യയാകട്ടെ അഫ്ഗാനിസ്ഥനെതിരേ 47 റൺസ് വിജയം നേടിയത് ഇതേ വേദിയിലായിരുന്നു.

പരാജയമറിയാതെ കലാശക്കളിക്കിറങ്ങിയ രണ്ടു ടീമുകളും ഒന്നിനൊന്നു മെച്ചമായിരുന്നു. പേസ് ബൗളിങ്ങിലും സ്പിന്നർമാരെ നേരിടാൻ കരുത്തുള്ള ബാറ്റർമാരുടെ കാര്യത്തിലും മറ്റു രാജ്യങ്ങളെക്കാൾ മുന്നിലായിരുന്നു ദക്ഷിണാഫ്രിക്ക. പക്ഷേ, ഭാഗ്യം തുണച്ചില്ല. ഇന്ത്യയുടെ വിജയം ആഘോഷിക്കുമ്പോഴും അതിൽ ഭാഗ്യത്തിന്റെ പിൻബലവുമുണ്ടായിരുന്നു എന്നു പറയണം. 12.3 ഓവറിൽ നാലിന് 106 റൺസ് നേടിയ ടീമിനു പക്ഷേ, ഇന്ത്യയുടെതുപോലെ വാലറ്റംവരെ ബാറ്റിങ് മികവ് ഇല്ലാതെ പോയി.

ഹാർദിക് പാണ്ഡ്യയെ ടീമിലെടുത്തതിനെപറ്റിയും ഫോമിലെത്താതെ വിഷമിച്ച വിരാട് കോലിയെ ഒഴിവാക്കണമെന്നും ശിവം ദുബെയ്ക്കു പകരം സഞ്ജു സാംസനെ ഇറക്കണമെന്നുമൊക്കെ മുറവിളി കൂട്ടിയ വിമർശകർക്കുള്ള മറുപടികൂടിയായിരുന്നു കലാശക്കൊട്ട്. കോലിക്കും രോഹിതിനും ഇനിയൊരു ലോകകപ്പ് സാധ്യതയില്ല. ഇരുവരും അവർക്കു പിന്നാലെ രവീന്ദ്ര ജഡേജയും ട്വന്റി 20 ക്രിക്കറ്റിൽനിന്നു വിടവാങ്ങൽ പ്രഖ്യാപിച്ചു. രാഹുൽ ദ്രാവിഡ് കോച്ചിങ് ചുമതലയിൽനിന്ന് ഒഴിയുകയുമാണ്. ഇവർക്കു തല ഉയർത്തി പുതുനിരയ്ക്ക് വഴി തുറക്കാം. ഇന്ത്യൻ ക്രിക്കറ്റിൽ പ്രഗല്ഭരുടെ ഒരു നിര തന്നെ അവസരം കാത്തുകഴിയുന്നു. ഇനി അവരുടെ കാലം.

■

# ആദിമധീരന്മാർ





ഫാ. ജോസഫ് നെച്ചിക്കാട്ട്

"ഇതാ, എന്റെ ഒരു വശം വെന്തുകഴിഞ്ഞു. ഇനി മറിച്ചിടാം." ആദിമരക്തസാക്ഷിയായ ആർച്ചുഡീക്കൻ ലോറൻസ് റോമൻ പ്രീഫെക്റ്റിനോടു പറഞ്ഞ വാക്കുകളാണിവ (എ.ഡി. 258).

ക്രൈസ്തവരുടെ കൈവശം നിരവധി നിധികളും നിക്ഷേപങ്ങളും ഉണ്ടെന്നും ഏതു വിധേനയും അവ കൈവശപ്പെടുത്തണമെന്നുമായിരുന്നു പ്രീഫെക്ടിനു വലേരിയൻ ചക്രവർത്തിയിൽനിന്നു കിട്ടിയ നിർദേശം.

സഭ ഒത്തിരി സാധുക്കളെ സംരക്ഷിക്കുന്നുണ്ട്. അതിന്റെയെല്ലാം ചാർജ് ആർച്ചുഡീക്കൻ കൂടിയായ ലോറൻസിനാണ്. മാത്രവുമല്ല, സർവ ക്രൈസ്തവരുടെയും സാമ്പത്തികവിവരങ്ങളും കണക്കും അവന്റെ പക്കലുണ്ട്. അതുകൊണ്ട് അവനെ പിടികൂടിയാൽ കാര്യങ്ങൾക്കു തീരുമാനമാകും എന്നു പ്രീഫെക്ട് കരുതി.

ലോറൻസ് പിടിക്കപ്പെട്ടു. മൂന്നു ദിവസത്തിനുള്ളിൽ സർവ സമ്പാദ്യങ്ങളുടെയും കണക്കു കൊടുക്കാനായിരുന്നു കല്പന. പക്ഷേ, ലോറൻസ് പകരം ഹാജരാക്കിയത് സഭയുടെ സംരക്ഷണത്തിൽ കഴിയുന്ന എല്ലാ അഗതികളെയും വിധവകളെയുമാണ്.

കുപിതനായ പ്രീഫെക്ട് ആധിക്കാരിയെ ഇരുമ്പുകട്ടിലിൽ കിടത്തി അടിയിൽ തീയിടാൻ ആജ്ഞാപിച്ചു. പൊള്ളൽ സഹിക്കവയ്യാതാകുമ്പോൾ അവൻ സത്യം പറയും - നിധികൾ കാണിച്ചുതരുകയും ചെയ്യും.

ഇരുമ്പുകട്ടിൽ പഴുത്തുതുടങ്ങിയപ്പോൾ ലോറൻസിന്റെ ഒരു വശം ശരിക്കും വെന്തെരിഞ്ഞു. അപ്പോൾ, താൻ സ്വർഗത്തിൽ യേശുവിനെ ആലിംഗനം ചെയ്തു നില്ക്കുന്ന രംഗമാണ് ലോറൻസിനെ ഗ്രസിച്ചുനിന്നത്. വേദനകൊണ്ട് വാവിട്ടുകരയുന്നതിനു പകരം ലോറൻസ് പറഞ്ഞ ആ വാക്കുകൾ നമ്മെ അമ്പരപ്പിക്കും.

ആദിമസഭയിലെ മറ്റൊരു ഐതിഹാസികകഥാപാത്രമാണ് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്. വി. യോഹന്നാന്റെ ശിഷ്യൻ കൂടിയായ അദ്ദേഹത്തിൽ ജ്വലിച്ചുനിന്ന തീക്ഷ്ണത അനേകരെ പുളകംകൊള്ളിച്ചിട്ടുണ്ട്.

ട്രാജൻ ചക്രവർത്തിയുടെ കാലത്തായിരുന്നു സംഭവം. രണ്ടു യുദ്ധങ്ങളിൽ നേടിയ വിജയം തന്റെ ഇഷ്ടദൈവങ്ങളുടെ കൃപകൊണ്ടാണെന്നു ചക്രവർത്തി എങ്ങനെയോ ധരിച്ചുവശായി. പകരം, അവരെ ആരാധിക്കാത്തവരെ വകവരുത്തുകയായിരുന്നു അദ്ദേഹത്തിന്റെ അടുത്ത പരിപാടി.

റോമിലെ ഉത്സവങ്ങളുടെ സമാപനദിവസങ്ങൾ! അക്കൂട്ടത്തിൽ ഇഗ്നേഷ്യസിനെ ബലിയാക്കാൻ ചക്രവർത്തി തീരുമാനിച്ചു. വരിഞ്ഞുകെട്ടി വന്യമൃഗങ്ങൾക്കിട്ടുകൊടുക്കാൻ കൊണ്ടുപോകുമ്പോൾ ഇഗ്നേഷ്യസിനെ അലട്ടിനിന്നതെന്താണെന്നോ? ഹിംസ്രജന്തുക്കൾ പിച്ചിച്ചീന്തുമ്പോൾ കണ്ണീരും ചോരയും കൂടിക്കലരുന്നതോർത്തായിരുന്നുവോ അത്? അല്ല, മറിച്ചായിരുന്നു ഭയം. "അവ എന്നെ കടിച്ചു കീറാതിരുന്നാലോ? ഞാൻ അവയെ കെട്ടിപ്പിടിക്കും. അവ എന്റെ അസ്ഥികൾ കടിച്ചുപൊട്ടിക്കുമ്പോൾ ഗോതമ്പുമണിപോലെ പൊടിഞ്ഞ് ഞാൻ കർത്താവിന്റെ അപ്പമായിത്തീരും." ആ വലിയ മനുഷ്യന്റെ ആത്മദാഹത്തിനു മുമ്പിൽ നമ്മുടെ ഹൃദയസ്പന്ദനം പോലും നിലച്ചുപോകും.

പ്രതീക്ഷിച്ചതുപോലെ ഇഗ്നേഷ്യസിനെ വന്യമൃഗങ്ങൾ കടിച്ചുപൊടിച്ചു. അവൻ കർത്താവിനു സ്വീകാര്യമായ അപ്പമായി മാറി - ജീവന്റെ അപ്പംപോലെ. അതു കണ്ടുനിന്നവരിൽ പലർക്കും അത് അദ്ദേഹത്തെ അനുകരിക്കാനുള്ള ആവേശം പകർന്നു. ജീവന്റെ അപ്പമാണ് അവരെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തിയത്.

ലോറൻസും ഇഗ്നേഷ്യസും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ലോറൻസ് വെന്തെരിഞ്ഞപ്പോൾ സഭ തളരുകയല്ല, വളരുകയായിരുന്നു. അന്ന് ആ ഇരുമ്പുകട്ടിലിന്റെ അടിയിൽ തീകൂട്ടിക്കൊണ്ടിരുന്ന ഹിപ്പോളിറ്റസ് എന്ന പടയാളിക്ക് ഒരു ഉൾക്കിടിലം. അതു തെറ്റായിപ്പോയി. ഒപ്പം ഒരു മാനസാന്തരവും - വലത്തെ കുരിശിൽക്കിടന്ന കള്ളനിലെന്നപോലെ.

യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് കൂറുമാറിയ ഹിപ്പോളിറ്റസിനെ അധികൃതർ വെറുതെ വിട്ടില്ല. അവനും പിടിക്കപ്പെട്ടു. അവന്റെ കൈകാലുകൾ നാലു കുതിരകളുടെ കാലിൽകെട്ടി അവറ്റകളെ നാലു വശത്തേക്കും പായിക്കാനായിരുന്നു ശിക്ഷാവിധി. ശിക്ഷാവിധി നടപ്പിലാക്കുന്ന ഭീകരചിത്രം മുരാനോയുടെ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ലോറൻസിലെ ദൈവികമായ നിർഭയത്വം അവനിലും ആവേശിച്ചു.

ആ രക്തസാക്ഷികളൊക്കെയാവണം നമ്മുടെയും ശക്തികേന്ദ്രം. വേദനകളിൽ, കരച്ചിലിൽ കഷ്ടപ്പാടിൽ അവരായിരിക്കണം നമ്മുടെ ആദർശപുരുഷന്മാർ. ജീവിതത്തിന്റെ കണ്ണെത്താത്ത കൊടുംകാടുകളിൽ ദിശാസൂചികയായി അവർ നമ്മുടെ മുമ്പിലുണ്ടാകും.

ലോറൻസിനെപ്പോലുള്ള ആദിമരക്തസാക്ഷികളിൽനിന്നു തലമുറതലമുറയായി നാം ഏറ്റുവാങ്ങേണ്ടതു ക്രിസ്തീയധൈര്യമാണ് - പ്രഭാതംമുതൽ പ്രഭാതംവരെ ക്രൈസ്തവരായി ജീവിക്കാനുള്ള ധൈര്യം.

'നമ്മുടെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കാൻ' (ലൂക്കാ. 22-32) അവരൊക്കെ നമുക്കുവേണ്ടി പ്രാർഥിക്കുന്നുണ്ടെന്നതും നമുക്കു കരുത്തും പ്രത്യാശയും പ്രദാനം ചെയ്യും. കണ്ണുനീരിന്റെ ഈ താഴ്വരയിൽ നമ്മുടെ ഓട്ടം പൂർത്തിയാക്കാൻ അവരുടെ സ്മരണകൾ നമുക്ക് ഉത്തേകമാകട്ടെ.

■

# പുതുനിയമങ്ങളുടെ ന്യായസംഹിതകൾ

1-ാം പേജ് തുടർച്ച

**രാജ്യദ്രോഹക്കുറ്റവും വിവാദങ്ങളും**


ഇന്ത്യൻ പീനൽ കോഡിലെ 124 എ പ്രകാരമുള്ള രാജ്യദ്രോഹക്കുറ്റം ന്യായസംഹിതയിൽ ഇല്ല എന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെടുന്നത്. എന്നാൽ, ഭരണകൂടത്തിനെതിരായുള്ള വിമർശനങ്ങളെ രാജ്യത്തിനെതിരായ ക്രിമിനൽക്കുറ്റമായി വ്യാഖ്യാനിക്കാനുള്ള സാധ്യതകൾ വിശാലമായി തുറന്നിടുന്നുണ്ട് ന്യായസംഹിതയിലെ 113-ാം വകുപ്പ്. ഒപ്പംതന്നെ, 124 എയെക്കാൾ ക്രൂരമാണ് ന്യായസംഹിതയിലെ 152-ാം വകുപ്പ് എന്ന് നിയമവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. വിമർശിക്കുന്നവരെയെല്ലാം ദേശവിരുദ്ധരായി ചാപ്പകുത്തി നശിപ്പിക്കാൻ ശ്രമിച്ചിട്ടുള്ള ബിജെപിയുടെ പാരമ്പര്യം ഈ വകുപ്പുകളെ സംബന്ധിച്ച ആശങ്ക വർധിപ്പിക്കുന്നുണ്ട്. എഴുത്ത്, സംസാരം, സോഷ്യൽ മീഡിയ മുതലായവവഴിയുള്ള ഭരണകൂടവിമർശനങ്ങൾ ദേശവിരുദ്ധപ്രവർത്തനമായി കണക്കാക്കുമെന്നത് തങ്ങളുടെ മൃഗീയഭൂരിപക്ഷക്കാലത്ത് ഏകാധിപത്യത്തിലേക്കു വഴിതുറക്കാൻ കൂട്ടിച്ചേർത്ത അടിച്ചമർത്തൽവകുപ്പുകളാണെന്ന വിമർശനം നിലനിൽക്കുന്നു.

**ഒരേ കുറ്റം, രണ്ടു നീതി!**

2024 ജൂലൈ ഒന്നുമുതൽ പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരുമ്പോൾ ജൂൺ 30 വരെയുള്ള കുറ്റകൃത്യങ്ങൾ പഴയ നിയമപ്രകാരമാകും വിചാരണ ചെയ്യപ്പെടുന്നതും ശിക്ഷ വിധിക്കപ്പെടുന്നതും. കുറെ വർഷങ്ങളിലേക്ക് രണ്ടു നിയമങ്ങളും പിന്തുടരേണ്ടി വരുന്ന അവസ്ഥയാണ് രാജ്യത്തു സംജാതമാവുന്നത്. ഒരേ കുറ്റത്തിനു രണ്ടു നിർവചനവും രണ്ടു വിചാരണരീതികളും രണ്ടു ശിക്ഷാവിധികളുമാണ് ഉണ്ടാവുകയെന്നത് രണ്ടു നീതി എന്ന മനുഷ്യാവകാശപ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

**പ്രതിഷേധങ്ങൾ**

ആദ്യകരട് അവതരിപ്പിച്ചപ്പോൾത്തന്നെ നിലവാരമില്ലായ്മ ചൂണ്ടിക്കാണിക്കപ്പെട്ട നിയമങ്ങൾ പാസാക്കിയത് തികച്ചും ഏകാധിപത്യപരമായ രീതിയിലാണ്. പാർലമെന്റിൽ ശക്തമായ പ്രതിഷേധമുയർത്തിയ പ്രതിപക്ഷാംഗങ്ങളിൽ ഭൂരിഭാഗത്തെയും സസ്പെൻഡ് ചെയ്തതിനു ശേഷമാണ് ബില്ലു പാസാക്കിയത്. പ്രമുഖ നിയമജ്ഞരുടെയും അഭിഭാഷകരുടെയും പൊതുജനത്തിന്റെയും അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുക്കാതെ ഏകപക്ഷീയമായിരുന്നു ഇക്കാര്യത്തിൽ ബിജെപി സർക്കാരിന്റെ നയം. ന്യായസംഹിതയിലെ ഭീകരവിരുദ്ധനിയമവും ദേശവിരുദ്ധപ്രവർത്തനനിർവചനത്തിൽ വരുന്ന നിയമങ്ങളും പോലീസ്രാജ് അടിച്ചേല്പിക്കുന്നതാണ് എന്ന ഗുരുതരാരോപണം നിയമവിദഗ്ധർ മുന്നോട്ടുവയ്ക്കുന്നു. വിമർശകരെ നിശ്ശബ്ദരാക്കാൻ 152-ാം വകുപ്പ് ഉപയോഗിക്കാൻ കഴിയുമെന്നതാണ് മറ്റൊരു ഭീതി. പരോൾ ഇല്ലാത്ത തടവുശിക്ഷയും വധശിക്ഷയുമൊക്കെ ഇതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാവുന്നു. ലാപ്ടോപ്പ്, ഫോൺ മുതലായവ പരിശോധിക്കാനുള്ള അധികാരം പൊലീസ് ഉദ്യോഗസ്ഥർക്കു ലഭിക്കുന്നത് വ്യക്തികളുടെ സ്വകാര്യതയ്ക്കുമേലുള്ള കടന്നുകയറ്റമായും ദുരുപയോഗസാധ്യതയായും ചൂണ്ടിക്കാണിക്കപ്പെടുന്നു.



പ്രതിഷേധങ്ങളുടെ പെരുമഴക്കാലത്തിനു തുടക്കം കുറിച്ചുകൊണ്ട് ബംഗാൾ ബാർ അസോസിയേഷൻ ജൂലൈ ഒന്ന് കരിദിനമായി ആചരിച്ചു. വിവിധ ബാർ അസോസിയേഷനുകൾ കോടതിബഹിഷ്കരണമടക്കമുള്ള സമരപരിപാടികൾ ആസൂത്രണം ചെയ്യുന്നു. മനുഷ്യാവകാശങ്ങൾക്കുവേണ്ടി പോരാടുന്ന ടീസ്റ്റ സെതൽവാദ്, സുപ്രീംകോടതി ബാർ അസോസിയേഷൻ പ്രസിഡന്റ് കപിൽ സിബൽ മുതലായവർ ഭരണഘടനാവിരുദ്ധവും ജനാധിപത്യവിരുദ്ധവുമെന്ന് പുതിയ നിയമങ്ങളെ വിശേഷിപ്പിച്ചപ്പോൾ, മുൻ അഡീഷണൽ സോളിസിറ്റർ ജനറൽ ഇന്ദിരാ ജയ്സിംഗ്, പ്രമുഖ അഭിഭാഷകരായ അഭിഷേക് മനു സിംഗ്വി, മുകുൾ റഹ്തോഗി തുടങ്ങിയവർ കോളനിക്കാലനിയമങ്ങളെക്കാൾ നിർദയമാണ് പുതിയ നിയമങ്ങളെന്ന് അഭിപ്രായപ്പെടുന്നു. വിമർശനങ്ങളെ അടിച്ചൊതുക്കി ഏകാധിപത്യത്തിലേക്കുള്ള അശ്വമേധം സുഗമമാക്കാനുള്ള ആയുധങ്ങൾ ഒടുങ്ങാത്ത ആവനാഴിയല്ല പുതിയ നിയമങ്ങൾ എന്നു തെളിയിക്കേണ്ടത് കേന്ദ്രസർക്കാരിന്റെ ബാധ്യതയാണ്. ബിജെപിയുടെ തേരോട്ടത്തിനു കടിഞ്ഞാണിട്ട് ഇന്ത്യൻജനത തങ്ങളിലേല്പിച്ച വിശ്വാസം മങ്ങാതെ ജനാധിപത്യസംരക്ഷണത്തിനായി പോരാടേണ്ട ചുമതല പ്രതിപക്ഷത്തിനുമുണ്ട്; ഒപ്പം, നാമോരോരുത്തർക്കും.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



കർത്താവിനെ ഭയപ്പെടുന്നവനാരോ അവൻ തിരഞ്ഞെടുക്കേണ്ട വഴി അവിടുന്നു കാണിച്ചുകൊടുക്കും.
സങ്കീർത്തനങ്ങൾ 25:12

## എഡിറ്റോറിയൽ

# ജനാധിപത്യത്തിന്റെ ഉജ്ജ്വലശബ്ദം

പത്തു വർഷത്തിനു ശേഷം ലോകസഭ അതിന്റെ ജനാധിപത്യപ്രഭാവം വീണ്ടെടുത്തിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന്റെ സ്ഥാനം കൃത്യമായി അടയാളപ്പെട്ടുകഴിഞ്ഞിരിക്കുന്നു. രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയചർച്ചയിൽ പങ്കെടുത്ത് പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി ജൂലൈ ഒന്നിന് ലോകസഭയിൽ നടത്തിയ പ്രൗഢഗംഭീരമായ പ്രസംഗം ജനാധിപത്യത്തിന്റെ കരുത്തറിയിക്കുന്നതായിരുന്നു. ചരിത്രപരമായ ഒരു വിശുദ്ധനിയോഗം ചുമലിലേറ്റി വളരെ ഗൗരവത്തോടും ഉത്തരവാദിത്വത്തോടുംകൂടിയാണ് രാഹുൽ പാർലമെന്റിൽ പ്രതിപക്ഷനേതാവ് എന്ന നിലയിലുള്ള തന്റെ കന്നിപ്രസംഗം നടത്തിയത്.

രാഹുൽഗാന്ധിയുടെ ഒരു മണിക്കൂർ നാല്പതുമിനിറ്റു നീണ്ട അത്യുജ്ജ്വലമായ പ്രസംഗം പ്രതിപക്ഷനയപ്രഖ്യാപനമായി കരുതുന്നതിലും തെറ്റില്ല. പത്തു വർഷം ഇന്ത്യ എന്ന മഹത്തായ ആശയത്തിനും ഭരണഘടനയ്ക്കും ജനാധിപത്യമൂല്യങ്ങൾക്കും എതിരേ ആസൂത്രിതമായി അരങ്ങേറിയ ആക്രമണത്തിന്റെ ആഘാതത്തിൽനിന്നു രാജ്യത്തെ തിരിച്ചുപിടിക്കുക എന്ന ചരിത്രപരമായ ദൗത്യത്തെക്കുറിച്ച് തികഞ്ഞ അവഗാഹത്തോടെയാണ് രാഹുൽ സംസാരിച്ചത്. ഭയക്കരുത്, ഭയപ്പെടുത്തരുത്, അക്രമമരുത് എന്നിവ മൂന്നും ഇന്ത്യയുടെ അടിസ്ഥാനാശയങ്ങളാണെന്ന് രാഹുൽ അടിവരയിട്ടു പറഞ്ഞു.

എല്ലാ മതങ്ങളും മഹാന്മാരും സത്യത്തെയും അഹിംസയെയും ഭയരാഹിത്യത്തെയുംകുറിച്ചാണു പറഞ്ഞിട്ടുള്ളത്. പക്ഷേ, ഹിന്ദുവെന്നു സ്വയം വിശേഷിപ്പിക്കുന്ന ബിജെപിക്കാർ അക്രമത്തെയും വെറുപ്പിനെയും പ്രോത്സാഹിപ്പിക്കുന്നുവെന്ന് രാഹുൽ തുറന്നടിച്ചു. സത്യത്തിനൊപ്പം നിൽക്കണമെന്നും അഹിംസയാണു പ്രതീകമെന്നുമാണ് ഹിന്ദുധർമത്തിൽ പറഞ്ഞിട്ടുള്ളത്. ഭയവും വിദ്വേഷവും പരത്തുന്നതല്ല ഹിന്ദുമതം. ഹിന്ദുവെന്നാൽ നരേന്ദ്രമോദിയോ ബിജെപിയോ ആർഎസ്എസോ അല്ലെന്നും, ഭയമോ അക്രമമോ വെറുപ്പോ പ്രചരിപ്പിക്കാൻ യഥാർഥ ഹിന്ദുക്കൾക്കാവില്ലെന്നും സഭയിൽ രാഹുൽ നടത്തിയ പരാമർശം മുഴുവൻ ഹിന്ദുക്കളെയും അപമാനിക്കുന്നതാണെന്നു പറഞ്ഞ് പ്രധാനമന്ത്രിയുൾപ്പെടെയുള്ളവർ രംഗത്തെത്തിയത് ചൂടേറിയ വാഗ്വാദങ്ങൾക്കിടയാക്കി.

കുഴിബോംബുസ്ഫോടനത്തിൽ വീരമൃത്യു വരിച്ച സൈനികന്റെ കുടുംബത്തിനു പെൻഷനോ നഷ്ടപരിഹാരമോ കിട്ടുന്നില്ല. സാധാരണ സൈനികനു പെൻഷനുണ്ട്; പക്ഷേ, അഗ്നിവീറിനില്ല. ഉപയോഗിച്ചശേഷം ഉപേക്ഷിക്കുന്നവരാണ് സർക്കാരിന് അഗ്നിവീർ. ചിലർക്കു പെൻഷൻ, രക്തസാക്ഷിപദവി; മറ്റുചിലർക്ക് ഒന്നുമില്ല. സേനാംഗങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കിയതിനെ രാഹുൽ വിമർശിച്ചെന്നുമാത്രമല്ല, തങ്ങളുടെ സർക്കാർ അധികാരത്തിൽ വരുമ്പോൾ അഗ്നിവീർ പദ്ധതി എടുത്തുകളയുമെന്നും രാഹുൽ തുറന്നുപറഞ്ഞു.

കലാപഭൂമിയായ മണിപ്പുരിന്റെ കണ്ണീരൊപ്പാനോ അവിടം സന്ദർശിക്കാൻപോലുമോ നാളിതുവരെ പ്രധാനമന്ത്രി തയ്യാറാകാത്തതിനെയും രാഹുൽ രൂക്ഷമായി വിമർശിച്ചു. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ പ്രശ്നങ്ങൾ അറിയാനോ കേൾക്കാനോ അതു പരിഹരിക്കാനോ സർക്കാർ കൂട്ടാക്കുന്നില്ല. പകരം, കർഷകരെ ഭീകരവാദികളെന്നു മുദ്രകുത്തി ആക്ഷേപിക്കുകയാണു ചെയ്യുന്നത്. രക്തസാക്ഷികളായ എഴുന്നൂറു കർഷകർക്കുവേണ്ടി സഭയിൽ ഒരു നിമിഷം മൗനാചരണം നടത്താൻപോലുമുള്ള മര്യാദ സർക്കാർ കാണിച്ചില്ല. നോട്ടുനിരോധനം തൊഴിലില്ലാതാക്കി. ജിഎസ്ടിയിലൂടെ കച്ചവടക്കാരെ തകർത്തുകളഞ്ഞു. നീറ്റുൾപ്പെടെയുള്ള പ്രഫഷണൽ പരീക്ഷകളെ കച്ചവടപ്പരീക്ഷകളാക്കി മാറ്റി. ഏഴുവർഷത്തിനിടെ എഴുപതു തവണയാണ് ചോദ്യക്കടലാസു ചോർന്നത് എന്നു തുടങ്ങിയുള്ള രാജ്യത്തെ സംബന്ധിക്കുന്ന നീറുന്ന പ്രശ്നങ്ങൾ ഒന്നൊന്നായി നിർഭയം വിളിച്ചുപറഞ്ഞ രാഹുൽഗാന്ധി പ്രതിപക്ഷകക്ഷികളുടെമാത്രമല്ല, രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും പ്രതീക്ഷയും ആവേശവുമായി മാറിയെന്നതു വാസ്തവം.

ചെറുപ്പക്കാരിലും കർഷകരിലും തൊഴിലാളികളിലും സ്ത്രീകളിലും സേനാംഗങ്ങളിലുമുൾപ്പെടെ എവിടെയും ഭയമാണു നിങ്ങൾ വിതച്ചതെന്നു ഭരണപക്ഷത്തോടു രാഹുൽ തുറന്നടിച്ചു. ബിജെപിയുടെ ആശയത്തെ എതിർത്തതിന്റെ പേരിൽ ലക്ഷക്കണക്കിനു ജനങ്ങളും രാഷ്ട്രീയപ്രവർത്തകരും ആക്രമിക്കപ്പെട്ടു. ചിലരൊക്കെ ജയിലിൽ അടയ്ക്കപ്പെട്ടു. പ്രതിപക്ഷത്തെ ചില നേതാക്കൾ ഇപ്പോഴും ജയിലിലാണ്. അരവിന്ദ് കേജ്‌രിവാളും ഹേമന്ത് സോറനും ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ അത് ഈ രാജ്യത്തെ ഓരോ പൗരനെയുമാണ് അസ്വസ്ഥമാക്കിയത്. അവർക്കു പ്രതിരോധമൊരുക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമാണെന്നും പ്രതിപക്ഷനേതാവ് എന്ന നിലയിൽ തന്റെ ചുമതലയാണെന്നും രാഹുൽ പറഞ്ഞു.

പ്രധാനമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താനും അതിക്രമത്തിനിരയായെന്ന് രാഹുൽ പറഞ്ഞു. ഇരുപതിലേറെ കേസുകൾ, രണ്ടു വർഷം തടവുശിക്ഷ, വീടുപോലും നഷ്ടപ്പെട്ട അവസ്ഥ, 55 മണിക്കൂർ ഇ.ഡിയുടെ ചോദ്യം ചെയ്യൽ എന്നിങ്ങനെ രക്തസാക്ഷിത്വസമാനമായ സ്വജീവിതത്തിന്റെ കദനകഥയും രാഹുൽ വികാരാധീനനായി പറഞ്ഞു.

എന്തായാലും, ഒരു പതിറ്റാണ്ടോളം മൃഗീയഭൂരിപക്ഷത്തോടെ ഭരണത്തിലേറിയ ബി.ജെ.പി. സർവസ്വാതന്ത്ര്യത്തോടെ അടക്കിവാണ ലോകസഭയിൽ പ്രതിപക്ഷനേതാവുയർത്തിയ ഉജ്ജ്വലശബ്ദം ജനാധിപത്യത്തിന്റെ വസന്തകാലവരവ് അറിയിക്കുന്നു. ജനാധിപത്യത്തിന്റെ സൗന്ദര്യവും ശക്തിയും പൂത്തുലയുന്ന വരുംനാളുകളിൽ ജനങ്ങളുടെ കൊടിയ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്ന ക്രിയാത്മകതയുള്ള ചർച്ചകളും സംവാദങ്ങളും രാജ്യത്തെ വികസനപന്ഥാവിലേക്കു നയിക്കട്ടെ എന്നാശംസിക്കാം.

■

# വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് ഭരണങ്ങാനത്ത് ജൂലൈ 19 ന് തുടക്കം


## പാലാ രൂപത പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ജൂലൈ 26 ന്

ഭരണങ്ങാനം: ഭാരതത്തിന്റെ പ്രഥമവിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനു ഭരണങ്ങാനം അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ ജൂലൈ 19 ന് തുടക്കം കുറിക്കും. 28 വരെയാണു തിരുനാൾ.

തിരുനാളിനോടനുബന്ധിച്ച് പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ ഉദ്ഘാടനവും തീർഥാടനകേന്ദ്രത്തിൽ നടക്കും. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, കർദിനാൾമാരായ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, മാർ ജോർജ് ആലഞ്ചേരി എന്നിവരും വിവിധ രൂപതകളിലെ 11 ബിഷപ്പുമാരും തിരുനാൾ ദിവസങ്ങളിൽ വിശുദ്ധകുർബാന അർപ്പിച്ചു സന്ദേശം നൽകും. 19 മുതൽ 27 വരെ എല്ലാ ദിവസവും വൈകുന്നേരം 6.15 ന് ഭരണങ്ങാനത്തെ ഭക്തിസാന്ദ്രമാക്കുന്ന ജപമാല-മെഴുകുതിരിപ്രദക്ഷിണവുമുണ്ട്.

19 നു രാവിലെ 11.15 ന് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് തിരുനാളിനു കൊടിയേറ്റും. തുടർന്ന്, ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം വിശുദ്ധകുർബാനയർപ്പിച്ചു സന്ദേശം നൽകും.

19 മുതൽ 27 വരെ എല്ലാ




ദിവസവും പുലർച്ചെ 5.30, 6.45, 8.30, 10, 11.30 ഉച്ചകഴിഞ്ഞ് 2.30, വൈകുന്നേരം നാല്, അഞ്ച്, രാത്രി ഏഴ് എന്നീ സമയങ്ങളിൽ വിശുദ്ധകുർബാനയും നൊവേനയും ഉണ്ടായിരിക്കും. പ്രധാന തിരുനാൾദിനമായ 28 നു പുലർച്ചെ 4.45 മുതൽ രാത്രി 9.30 വരെ ഓരോ മണിക്കൂറിലും വിശുദ്ധകുർബാനയുണ്ടായിരിക്കും.

24 ന് രാവിലെ 11.30 ന് സീറോ മലങ്കര സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ വിശുദ്ധകുർബാന അർപ്പിച്ചു സന്ദേശം നൽകും.

27 ന് വൈകുന്നേരം 6.30 ന് അൽഫോൻസാമ്മയുടെ മഠത്തിലേക്കു ജപമാലപ്രദക്ഷിണം. പ്രധാന തിരുനാൾദിനമായ 28 ന് രാവിലെ 6.45 ന് നെയ്യപ്പനേർച്ചവെഞ്ചരിപ്പും തുടർന്ന് നേർച്ചവിതരണവും ആരംഭിക്കും. രാവിലെ 10.30 ന് ഇടവകപ്പള്ളിയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിശുദ്ധകുർബാന അർപ്പിച്ചു സന്ദേശം നൽകും. തുടർന്ന് 12.30 ന് തിരുനാൾപ്രദക്ഷിണം.

## പാലാ രൂപത പ്ലാറ്റിനം ജൂബിലി

ഭരണങ്ങാനം: പ്ലാറ്റിനം ജൂബിലിവർഷത്തിലേക്കു കടക്കുന്ന പാലാ രൂപതയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലിയാഘോഷത്തിന് ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് തുടക്കമാകും. ജൂലൈ 26 ന് ഉച്ചകഴിഞ്ഞ് മൂന്നിന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ തീർഥാടനകേന്ദ്രത്തിൽ വിശുദ്ധകുർബാന അർപ്പിച്ചു സന്ദേശം നൽകി ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്യും. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവർക്കൊപ്പം രൂപതയിലെ എല്ലാ വൈദികരും വിശുദ്ധകുർബാനയിൽ സഹകാർമികരാകും.

# റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ അഭിഷിക്തനായി

കൊച്ചി: വരാപ്പുഴ അതിരൂപതയുടെ നാലാമത്തെ സഹായമെത്രാനായി റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ അഭിഷിക്തനായി. ചരിത്രമുറങ്ങുന്ന വല്ലാർപാടം ഔവർ ലേഡി ഓഫ് റാൻസം ബസിലിക്ക അങ്കണത്തിൽ തയ്യാറാക്കിയ പ്രത്യേകവേദിയിൽ നടന്ന മെത്രാഭിഷേകകർമങ്ങൾക്കു കേരളസഭയിലെ വിവിധ മെത്രാന്മാരും വൈദികരും സന്ന്യസ്തരും വിശ്വാസിസമൂഹവും സാക്ഷികളായി.

വരാപ്പുഴ ആർച്ചുബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ മുഖ്യകാർമികത്വത്തിലായിരുന്നു മെത്രാഭിഷേകകർമങ്ങൾ. സ്ഥാനികചിഹ്നങ്ങളായ അംശമുടിയും മോതിരവും ദണ്ഡും പുതിയ മെത്രാനു മുഖ്യകാർമികൻ നൽകി.

'ശുശ്രൂഷിക്കാനും അനേകർക്കു മോചനദ്രവ്യമാകാനും' എന്ന ആപ്തവാക്യമാണ് ഡോ. വാലുങ്കൽ മെത്രാൻശുശ്രൂഷയ്ക്കായി സ്വീകരിച്ചിട്ടുള്ളത്. വരാപ്പുഴ മുൻ ആർച്ചുബിഷപ് ഡോ. ഫ്രാൻസീസ് കല്ലറയ്ക്കൽ, കോട്ടപ്പുറം രൂപത മുൻ മെത്രാൻ ഡോ. ജോസഫ് കാരിക്കശേരി എന്നിവർ സഹകാർമികരായിരുന്നു. ഡോ. വർഗീസ് ചക്കാലയ്ക്കൽ വചനപ്രഘോഷണം നടത്തി.

ആർച്ചുബിഷപ്പുമാരായ ഡോ. തോമസ് ജെ. നെറ്റോ, ഡോ. എം. സൂസപാക്യം, മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി, മാർ ജോസഫ് പെരുന്തോട്ടം എന്നിവരും വിവിധ റീത്തുകളിൽനിന്നായി ഒട്ടേറെ മെത്രാന്മാരും ചടങ്ങുകളിൽ പങ്കെടുത്തു.



തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ മേജർ ആർച്ചുബിഷപ്പുമാരായ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കബാവ, മാർ റാഫേൽ തട്ടിൽ, ഇന്ത്യയിലെ വത്തിക്കാൻ കാര്യാലയം കൗൺസിലർ മോൺ. ജുവാൻ പാബ്ലോ സെറിലോസ് ഫെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, നിയമരംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.





**ജൂലൈ 14**
**കൈത്താക്കാലം**
**രണ്ടാം ഞായർ**

**നിയ 28:1–14**
**പ്രഭാ 10:19–25**
**റോമാ 11:17–24**
**യോഹ 15:1–8**



**ഫാ. ഡോ. തോമസ് വടക്കേൽ**



# മുന്തിരിച്ചെടിയും ശാഖകളും

**കൈ**ത്താക്കാലം 'ഫലങ്ങൾ' പുറപ്പെടുവിക്കുന്ന കാലമാണ്. ഒരു ക്രൈസ്തവവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ കർത്താവിനോടു ചേർന്നുനിൽക്കുമ്പോഴാണ് നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നത്. തായ്ത്തണ്ടായ കർത്താവിനോടു കൂടിച്ചേർന്നിരിക്കുമ്പോഴാണ് അവന്റെ ജീവിതത്തിൽ ദൈവാനുഭവങ്ങൾ നിറയുന്നത്. ഈ യാഥാർഥ്യങ്ങൾ വിളിച്ചറിയിക്കുന്നതാണ് കൈത്താക്കാലം രണ്ടാം ഞായറിലെ വായനകളെല്ലാം.

ഒന്നാമത്തെ വായനയിൽ (നിയമ. 28:1–14) ദൈവമായ കർത്താവിന്റെ വചനം പാലിച്ചു ജീവിക്കുന്നവനു ലഭിക്കുന്ന അനുഗ്രഹത്തെക്കുറിച്ചും; രണ്ടാം വായനയിൽ (പ്രഭാ. 10:19–25) കർത്താവിനോടു ചേർന്നുനിൽക്കുന്നവൻ ആദരിക്കപ്പെടും എന്നതിനെക്കുറിച്ചും; മൂന്നാം വായനയിൽ (റോമ. 11:17–24) ഇസ്രയേലാകുന്ന ഒലിവുമരത്തിൽ ദൈവം ഒട്ടിച്ചുപിടിപ്പിച്ച കാട്ടൊലിവിന്റെ മുകുളങ്ങളായ വിജാതീയരെക്കുറിച്ചും; നാലാം വായനയിൽ (യോഹ. 15:1–8) മുന്തിരിച്ചെടിയുടെയും ശാഖകളുടെയും ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്ന ദൈവമനുഷ്യബന്ധത്തെക്കുറിച്ചും നാം ശ്രവിക്കുന്നു.

**നിയമാവർത്തനം 28:1–14:** ഇസ്രയേൽജനത്തിനു വിവിധ കാലങ്ങളിൽ കല്പനകളും ഉടമ്പടികളും ലഭിച്ചിട്ടുണ്ട്. ഇവയോടെല്ലാം വിശ്വസ്തത പാലിച്ചു ജീവിക്കാൻ ജനത്തെ നേതാക്കന്മാരും കർത്താവുതന്നെയും ആഹ്വാനം ചെയ്തിരുന്നു. ദൈവഹിതം ഗ്രഹിച്ച് ഉടമ്പടിയോടു വിശ്വസ്തത പാലിച്ചാൽ ജനത്തിന് അനുഗ്രഹവും അല്ലാത്തപക്ഷം ശിക്ഷകളും ലഭിച്ചിരുന്നു. വചനം പാലിക്കുന്നവർക്കു കരഗതമാകുന്ന അനുഗ്രഹത്തെക്കുറിച്ചാണ് ഇന്നത്തെ വചനഭാഗം. ശിക്ഷകളെക്കുറിച്ചും ശാപങ്ങളെക്കുറിച്ചും ഇതിനോടകം നിയമാവർത്തനം 27-ാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

'കല്പനകളെല്ലാം സൂക്ഷ്മമായി പാലിക്കണം' എന്നതാണ് ആഹ്വാനം (28:1). ഗ്രീക്കുഭാഷയിലെ 'ഫിലാസോ' (phulasso) എന്ന പദത്തിന്റെയും ഹീബ്രുഭാഷയിലെ 'ഷമാർ' (shamar) എന്ന പദത്തിന്റെയും അർഥം carefully guard, observe എന്നൊക്കെയാണ്. ഉടമ്പടിയുടെ പാലനത്തിൽ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചാണ് ഇവിടുത്തെ സൂചന. ഇത്തരത്തിൽ ഉടമ്പടി വിശ്വസ്തതാപൂർവം പാലിക്കുന്നവർ മറ്റെല്ലാവരെയുംകാൾ ശ്രേഷ്ഠരാകുമെന്നതാണു ഫലം. ഗ്രീക്കുഭാഷയിലെ 'ഹ്യുപെറാനോ' (huperano) എന്ന ക്രിയാപദം 'superior status' നെയാണു കാണിക്കുന്നത്. കല്പന പാലിച്ചു ജീവിക്കുന്നവർ ദൈവതിരുമുമ്പിൽ വിലയുള്ളവരാണ്.

വചനം ശ്രവിച്ചു ജീവിക്കുന്നവർക്ക് ധാരാളമായി 'അനുഗ്രഹങ്ങൾ' ലഭിക്കും (28:2). 'ബെറാക്കാ' (beracah) എന്ന ഹീബ്രുപദത്തിന്റെ അർഥം 'blessing' എന്നാണ്. ഗ്രീക്കുഭാഷയിലെ 'എവുളോഗിയ' (eulogia) എന്ന വാക്കിനു തത്തുല്യമാണിത്. ഈ അനുഗ്രഹം ദൈവത്തിന്റെ ഒരു സമ്മാനമാണ്. അത് അമൂല്യവുമാണ്. വിവിധങ്ങളായ രീതികളിൽ ഒരാൾ ജീവിതത്തിൽ അനുഗ്രഹിക്കപ്പെടും. 28:3–6 ൽ ആറ് അനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. പൊതു അനുഗ്രഹത്തോടൊപ്പം ഈ ആറെണ്ണവും ചേർക്കുമ്പോൾ അനുഗ്രഹങ്ങൾ ഏഴെണ്ണമായി. ഏഴ് പൂർണതയുടെ സംഖ്യയാണ്.

ഒരു ആശീർവാദഗാനംപോലെയാണ് ഈ 'അനുഗ്രഹങ്ങൾ' അവതരിപ്പിച്ചിരിക്കുന്നത്: നഗരത്തിൽ നീ അനുഗൃഹീതൻ, വയലിൽ നീ അനുഗൃഹീതൻ, നിന്റെ സന്തതികൾ അനുഗൃഹീതർ, നിന്റെ കുട്ടയും മാവു കുഴയ്ക്കുന്ന കലവും അനുഗൃഹീതം, നിന്റെ വിളവുകളും കന്നുകാലിക്കൂട്ടവും മൃഗങ്ങളും ആട്ടിൻകൂട്ടവും അനുഗൃഹീതം (28:3–5). ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രവർത്തനങ്ങളിലും കർത്താവിന്റെ അനുഗ്രഹം ഉണ്ടാകുമെന്ന വസ്തുതയാണ് ഇവിടെ പ്രഖ്യാപിക്കുന്നത്.

**പ്രഭാഷകൻ 10:19–25:** പ്രഭാഷകന്റെ പുസ്തകം ബൈബിളിലെ ഏറ്റവും വലിയ ജ്ഞാനഗ്രന്ഥമാണ്. വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ധാരാളം ജ്ഞാനസൂക്തങ്ങൾ ഇവയിൽ ഉൾക്കൊള്ളുന്നുണ്ട്. ധാർമികമൂല്യങ്ങൾക്കു വില കല്പിക്കുന്ന ഈ ജ്ഞാനഗ്രന്ഥം ദൈവമക്കൾക്കു ജീവിതദർശനങ്ങളും ഉൾക്കാഴ്ചകളും പ്രദാനം ചെയ്യുന്നു. ഇന്നത്തെ വായനയിൽ ബന്ധങ്ങളുടെ ആവശ്യകതയെക്കുറിച്ചും ബന്ധങ്ങളെ തകർക്കുന്ന ചില ജീവിതരീതികളെക്കുറിച്ചുമാണു നാം ശ്രവിക്കുന്നത്.

ഒരുവന്റെ ദൈവമനുഷ്യബന്ധത്തെയും സഹോദരങ്ങളുമായുള്ള ബന്ധത്തെയും തകർക്കുന്ന അഹങ്കാരത്തെക്കുറിച്ചു പ്രതിപാദിച്ചശേഷം (10:6–18) ദൈവഭക്തിയെക്കുറിച്ചുള്ള ദർശനങ്ങൾ പ്രഭാഷകൻ കുറിക്കുന്നു. കർത്താവിനോടു ഭക്തിയുള്ള മനുഷ്യനാണ് ബഹുമാനത്തിന് അർഹനായവൻ എന്നാണ് പ്രഭാഷകൻ പഠിപ്പിക്കുന്നത്.

വിശുദ്ധഗ്രന്ഥത്തിന്റെ സെപ്തജിന്ത് വിവർത്തനത്തിൽ 'ഹോയ് ഫോബുമെനോയ് തോൻ കുരിയോൻ' (hoi phoboumenoi ton kyrion) എന്ന ഒരു പ്രയോഗമുണ്ട്. 'ഫോബെയോ' (phobeo) എന്ന ക്രിയാപദത്തിന്റെ അർഥം 'ഭയം' എന്നാണ്. ഇതിന് 'ആദരവ്, ഭക്തി, ബഹുമാനം' എന്ന അർഥങ്ങളുമുണ്ട്. 'ദൈവഭയം' എന്നത് ദൈവത്തോടുള്ള മനുഷ്യന്റെ ആദരവും സ്നേഹവുമാണ്. അവിടുത്തോടുള്ള അടുപ്പമാണ്. ആഴമായ സ്നേഹബന്ധത്തിന്റെ സൂചനയാണ് ഈ പദം.

ഇപ്രകാരമുള്ളവർക്കാണ് ജീവിതത്തിൽ 'ബഹുമാനം' ലഭിക്കുന്നത്. ഗ്രീക്കുവിവർത്തനത്തിൽ 'എൻതിമോസ്' (entimos) എന്ന നാമവിശേഷണം ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്കിന്റെ അർഥം esteemed, more distinguished എന്നൊക്കെയാണ്. സമൂഹത്തിൽ ഒരുവന്റെ ശ്രേഷ്ഠതയെക്കുറിക്കുന്ന പദമാണിത്. ദൈവഭയമുള്ളവന് ബഹുമാനവും ആദരവും അംഗീകാരവും ലഭിക്കും എന്നു ചുരുക്കം.

പ്രഭാഷകന്റെ അഭിപ്രായത്തിൽ, പ്രഭുവും ന്യായാധിപനും ഭരണാധികാരിയും ബഹുമാനിക്കപ്പെടുന്നതിനെക്കാൾ ശ്രേഷ്ഠനായി വിലമതിക്കപ്പെടുന്നത് ദൈവഭയമുള്ള വ്യക്തിതന്നെയാണ്. ജീവിതത്തിന്റെ ഏത് അവസ്ഥയിലുള്ളവരും – ധനവാൻ, ദരിദ്രൻ, ഉത്കൃഷ്ടൻ – ദൈവഭക്തിയിലാണ് മഹത്ത്വം കണ്ടെത്തേണ്ടത്. ദൈവബന്ധമില്ലാതെ ഭൗതികസമൃദ്ധിയിൽ ജീവിക്കുന്നവനെക്കാൾ ദൈവം വിലമതിക്കുന്നത് ദൈവഭക്തിയുള്ള ദരിദ്രനെയാണ്. കാരണം, അവൻ ദൈവത്തോടുള്ള ബന്ധത്തിലാണു ജീവിക്കുന്നത്.

**റോമാ: 11:17–24:** ദൈവത്തിന്റെ വാഗ്ദാനം ആദ്യം ലഭിച്ചത് യഹൂദർക്കായിരുന്നു. എന്നാൽ, അവർക്കു ജീവിതത്തിൽ 'ഇടർച്ച' ഉണ്ടായി. അവിശ്വാസംവഴി ദൈവത്തിൽനിന്നകന്നുമാറിയ ഇസ്രയേലിന്റെ സ്ഥാനത്ത് വിജാതീയർക്കു രക്ഷ നൽകാൻ ദൈവം തിരുമനസ്സായി. ഇത് ദൈവപദ്ധതിയുടെയും ദൈവേഷ്ടത്തിന്റെയും ഭാഗമാണ്. ഇതിൽ വിജാതീയർക്ക് അഹങ്കരിക്കാൻ ഒന്നുമില്ല. വിജാതീയരുടെ എന്തെങ്കിലുമുള്ള ശ്രേഷ്ഠതകൊണ്ടല്ല അവർ രക്ഷയിലേക്കു പ്രവേശിച്ചത്; മറിച്ച്, ദൈവത്തിന്റെ ഇഷ്ടമാണ്. ഈ യാഥാർഥ്യം പൗലോസ് റോമാജനത്തെ അറിയിക്കുന്നതാണ് വായനപശ്ചാത്തലം.

ഗ്രീക്കുഭാഷയിൽ 'എലെയ്യാ' (elaia) എന്ന പദത്തിന്റെ അർഥം 'olive tree' എന്നാണ്. ഇത് ഈശോയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണ്. ഒലിവുചെടിയിൽനിന്നു മുറിച്ചുമാറ്റപ്പെട്ട ചില്ലകൾ ഈശോമിശിഹായിൽ വിശ്വസിക്കാത്ത യഹൂദരെയാണു ധ്വനിപ്പിക്കുന്നത്. അവിശ്വാസികൾ 'broken off' ആണ്. ഗ്രീക്കിലെ 'എക്ലാവോ' (ekklao) എന്ന പദത്തിന്റെ അർഥം വിച്ഛേദിക്കുക, മുറിക്കുക എന്നാണ്.

കാട്ടൊലിവിന്റെ മുളകൾ വിജാതീയരാണ്. അവർ ഈശോയാകുന്ന ഒലിവുമരത്തോട് ഒട്ടിച്ചേർക്കപ്പെട്ടു. ഈശോമിശിഹായുടെ ജീവരസത്തിൽ അവർ പങ്കുചേർന്നു. 'പിയോത്തേസ്' (piotes) എന്ന ഗ്രീക്കുവാക്കിന്റെ അർഥം fatness, richness എന്നാണ്. ഇസ്രയേലിന്റെ ഉടമ്പടി വാഗ്ദാനങ്ങളെ ഇതു പ്രതീകാത്മകമായി സൂചിപ്പിക്കുന്നുണ്ട്. 'ജീവരസത്തിൽ' പങ്കുചേർന്നു എന്നതിന്റെ അർഥം മിശിഹായോടു ചേർന്നു, മിശിഹായിൽ പൂർത്തിയാകുന്ന രക്ഷയിൽ അവർ പങ്കുകാരായി എന്നാണ്. അക്കാരണത്താൽ, വിജാതീയക്രിസ്ത്യാനികൾ അഭിമാനിക്കേണ്ടത് ഈശോമിശിഹായിലാണ്; തങ്ങളിൽത്തന്നെയോ തങ്ങളുടെ ഭൗതികമേഖകളിലോ അല്ല.

**യോഹന്നാൻ 15:1–8:** മുന്തിരിച്ചെടിയും മുന്തിരിത്തോപ്പുമെല്ലാം വിശുദ്ധഗ്രന്ഥത്തിലെ മനോഹരമായ ചിത്രങ്ങളാണ്. ഇസ്രയേലിനെ കരുതിയിരുന്നത് ദൈവമായ കർത്താവിന്റെ മുന്തിരിത്തോപ്പെന്നാണ്. ദൈവം മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരനാണ്. കർത്താവായ ദൈവത്തിന് ഇസ്രയേലിനോടുള്ള ബന്ധത്തെയാണ് മുന്തിരിയുമായി ബന്ധപ്പെട്ട ഉപമയിലൂടെ ചിത്രീകരിക്കുന്നത്. പുതിയ നിയമത്തിലും ഇതിനോടു സമാനമായ രീതിയിൽ ഈ ചിത്രീകരണം ഉപയോഗിക്കുന്നുണ്ട്. ഇന്നത്തെ സുവിശേഷവായന അത്തരത്തിലുള്ള ഒന്നാണ്.

ഈശോ തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് യഥാർഥ 'മുന്തിരിച്ചെടി' എന്നാണ്. real, true, genuine എന്നൊക്കെയർഥം വരുന്ന 'അലെന്തിനോസ്' (alenthinos) എന്ന നാമവിശേഷണം ഇവിടെ ഉപയോഗിച്ചിട്ടുണ്ട്.

പിതാവായ ദൈവത്തെ ചിത്രീകരിച്ചിരിക്കുന്നത് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരനായിട്ടാണ്. മുന്തിരിച്ചെടിയെ വേണ്ടവിധം പരിപാലിക്കുന്നതും ആവശ്യമായ വെട്ടിയൊരുക്കലുകൾ നടത്തുന്നതും കൃഷിക്കാരനാണ്. ഫലരഹിതമായ ശാഖകളെ പിതാവാകുന്ന ദൈവം വെട്ടിയൊരുക്കും, കൂടുതൽ ഫലങ്ങൾ പുറപ്പെടുവിക്കാൻവേണ്ടി.

ഇവിടെ ഈശോ പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്: ഈശോയിൽ വസിക്കുന്നവർ ഫലം പുറപ്പെടുവിക്കും. അതിനായി ഈശോ എല്ലാവരെയും ക്ഷണിക്കുന്നുണ്ട്. Abide in me-എന്നിൽ വസിക്കുവിൻ (15:4). 'മെയ്നാത്തെ ഏൻ എമോയ്' (meinate en emoi) എന്നത് ശക്തമായ ഒരു ആഹ്വാനമാണ്. ഇത് ഭൗതികമായ, ബാഹ്യമായ ഒരു ബന്ധം എന്നതിനപ്പുറത്ത് ജീവാംശമായ ഒരു ബന്ധമാണ്. ഈശോയുടെ ജീവരസത്തോടുള്ള ഒരു ചേരലാണിത്. ഒരു ഒന്നാകലാണിത്. അപ്പോഴാണ് ഫലങ്ങളുണ്ടാകുന്നത്. ■■

**പ്രഭുവും ന്യായാധിപനും ഭരണാധികാരിയും ബഹുമാനിക്കപ്പെടുന്നതിനെക്കാൾ ശ്രേഷ്ഠനായി വിലമതിക്കപ്പെടുന്നത് ദൈവഭയമുള്ള വ്യക്തിതന്നെയാണ്. ദൈവബന്ധമില്ലാതെ ഭൗതികസമൃദ്ധിയിൽ ജീവിക്കുന്നവനെക്കാൾ ദൈവം വിലമതിക്കുന്നത് ദൈവഭക്തിയുള്ള ദരിദ്രനെയാണ്. കാരണം, അവൻ ദൈവത്തോടുള്ള ബന്ധത്തിലാണു ജീവിക്കുന്നത്.**

# കോട്ടയംപെരുമ വീണ്ടെടുക്കണം



## കോട്ടയം@75

സംഭവബഹുലമായ ഒട്ടേറെ ചരിത്രമുഹൂർത്തങ്ങൾ പിന്നിട്ട് എഴുപത്തഞ്ചിന്റെ നിറവിലെത്തിനിൽക്കുകയാണ് അക്ഷരനഗരി. പേരുപോലെതന്നെ അക്ഷരങ്ങൾക്കും അറിവിനും സംസ്കാരത്തിനും ഊന്നൽ നൽകുന്ന നാട്. ഒരു കാലത്ത് ഭരണചക്രം ആരു തിരിക്കണമെന്നു തീരുമാനിച്ചിരുന്നവരുടെ ജില്ല. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും തോളോടുതോൾ ചേർന്നു നടക്കുന്ന മതസൗഹാർദത്തിന്റെ പ്രതീകമായ നാട്. പറയാൻ ഒരുപാടുണ്ട് കോട്ടയത്തിന്റെ വിശേഷങ്ങൾ. പഴയ തിരുവിതാംകൂറിന്റെ ആസ്ഥാനമായിരുന്ന കോട്ടയത്തിന്റെ ഇന്നത്തെ അവസ്ഥയും വികസനകാഴ്ചപ്പാടുകളും കോട്ടയത്തിന്റെ എംഎൽഎയും മുൻമന്ത്രിയുമായ **തിരുവഞ്ചൂർ രാധാകൃഷ്ണൻ** ദീപനാളം വായനക്കാരുമായി പങ്കുവയ്ക്കുന്നു:

■ രാഖി എസ്. നാരായണൻ

### ? മറ്റു ജില്ലകളിൽനിന്നു കോട്ടയത്തെ വ്യത്യസ്തമാക്കുന്നത്

കേരളത്തിലെ ഏറ്റവും പഴക്കമുള്ള സംസ്കാരസമ്പന്നരായ ജനത താമസിക്കുന്ന സ്ഥലങ്ങളിലൊന്നാണ് കോട്ടയം. അറിവിനും അക്ഷരങ്ങൾക്കും പ്രാധാന്യം നൽകുന്ന നാട്. മലയോരവും അപ്പർകുട്ടനാടും ഇടനാടും ചേർന്ന് അനുഗൃഹീതമായ സ്ഥലം. വൈക്കം സത്യാഗ്രഹംപോലെ രാജ്യത്തിന് അഭിമാനകരമായ വിപ്ലവങ്ങൾ സൃഷ്ടിച്ചവരുടെ നാട്. രാജ്യത്തെ ആദ്യത്തെ സമ്പൂർണസാക്ഷരത നേടിയ പട്ടണം. പ്രമുഖ പത്രങ്ങളുടെയെല്ലാം ആസ്ഥാനം. ഒട്ടേറെ നവോത്ഥാനനായകർക്കു ജന്മം നൽകിയ മണ്ണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽപ്പോലും നിർണായകപങ്കു വഹിച്ചവരുടെ നാട്. ടൂറിസത്തിന് അനന്തമായ സാധ്യതകളുള്ള സ്ഥലങ്ങൾ. മനസ്സറിഞ്ഞു വിത്തുവിതച്ചാൽ പൊന്നുവിളയുന്ന മണ്ണ്. ചരിത്രത്തിൽ എഴുതിച്ചേർത്ത പല സംഭവങ്ങൾക്കും സാക്ഷിയായ ഭൂമി. ഒറ്റവാക്കിൽ പറഞ്ഞവസാനിപ്പിക്കാൻ കഴിയില്ല കോട്ടയത്തിന്റെ സവിശേഷതകൾ. ഒരു കോട്ടയംകാരനെന്ന നിലയിൽ അഭിമാനിക്കാൻ വേറെന്തു വേണം?

### ? പഴയ കോട്ടയത്തെക്കുറിച്ച്

ഇടുക്കി ജില്ലയുംകൂടി ഉൾപ്പെട്ടതായിരുന്നു മുമ്പ് കോട്ടയം ജില്ല. പേരുപോലെതന്നെ എല്ലാറ്റിന്റെയും കോട്ടതന്നെയായിരുന്നു അന്നത്തെ കോട്ടയം. മധ്യതിരുവിതാംകൂറിന്റെ ആസ്ഥാനം. വിദേശവാണിജ്യബന്ധം നിലനിർത്തിയ പഴയനഗരം മലഞ്ചരക്കുകളുടെ കോട്ടയായിരുന്നു. ഇന്നിപ്പോൾ മലഞ്ചരക്കിന്റെ കേന്ദ്രപ്രദേശമായി ഇടുക്കി ജില്ല മാറി. ദേശീയ-സംസ്ഥാന രാഷ്ട്രീയത്തിൽ കോട്ടയത്തെ മാറ്റിനിർത്താൻ കഴിയില്ല. ഒരു കാലഘട്ടത്തിൽ കോട്ടയം കേന്ദ്രീകരിച്ചായിരുന്നു തിരുവിതാംകൂറിന്റെ വികസനം. കേരളരാഷ്ട്രീയത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു പഴയ കോട്ടയം. 14 നിയോജകമണ്ഡലങ്ങളായിരുന്നു പഴയ കോട്ടയത്തുണ്ടായിരുന്നത്. കേരളം ആരു ഭരിക്കണമെന്നു തീരുമാനിച്ചിരുന്നതും കോട്ടയം ജില്ലക്കാരായിരുന്നു. കോട്ടയത്തിന്റെ ഭാഗമായിരുന്നതിൽ ചില സ്ഥലങ്ങൾ ഇടുക്കിയിലേക്കും പത്തനംതിട്ടയിലേക്കും പോയി. അതോടെ കോട്ടയത്തിന്റെ പഴയ പ്രതാപം മങ്ങി. ശുഷ്കിച്ച കോട്ടയമാണ് ഇന്നുള്ളത്. ഇതോടെ രാഷ്ട്രീയമായുള്ള വരൾച്ച സംഭവിച്ചു. ഇതിനെ അതിജീവിച്ചവരിൽ ചിലരാണ് പി.ടി. ചാക്കോയും ഉമ്മൻചാണ്ടിയും മാണിസാറുമൊക്കെ.

### ? കോട്ടയത്തിന്റെ വികസനകാഴ്ചപ്പാടുകൾ

അറിവിനും അക്ഷരങ്ങൾക്കും പണ്ടുമുതലേ പ്രാധാന്യം നൽകുന്ന ജില്ലയാണ് കോട്ടയം. അതുകൊണ്ടുതന്നെ, കോട്ടയത്തെ ഒരു വിദ്യാഭ്യാസഹബ്ബാക്കി ഉയർത്തിക്കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ഇന്നിപ്പോൾ ഇവിടെ പ്രധാന പ്രശ്നം അഭ്യസ്തവിദ്യരായ ആളുകൾ പുറംനാടുകളിലേക്കു പോകുന്നുവെന്നതാണ്. കോട്ടയം ജില്ലയിലെ കണക്കുമാത്രം നോക്കിയാൽ ഓരോ വർഷവും പതിനായിരക്കണക്കിന് ഉദ്യോഗാർഥികളാണ് അന്യനാടുകളിലേക്കു പോകുന്നത്. ഉന്നതവിദ്യാഭ്യാസം നേടാനുള്ള എല്ലാ സൗകര്യങ്ങളും ഇന്നു കോട്ടയത്തിനുണ്ട്. എന്നാൽ, ദൗർഭാഗ്യവശാൽ അവരെ ഉൾക്കൊള്ളാനുള്ള തൊഴിലിടങ്ങൾ ഇവിടെയില്ല. ഈ പോക്കു പോയാൽ ഒരു കാലഘട്ടം കഴിയുമ്പോൾ കോട്ടയം ചെറുപ്പക്കാരില്ലാത്ത നാടായി മാറും. അത്തരം സാഹചര്യം ഉണ്ടാകാതിരിക്കാൻ ഇക്കാര്യങ്ങളെല്ലാം ഭാവനാപരമായി നോക്കിക്കാണാൻ ശേഷിയുള്ള പുതിയ കാഴ്ചപ്പാടു വേണം. ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് പുതിയ തൊഴിലിടങ്ങൾ ഉണ്ടാക്കുന്നതിനു നടപടിവേണം. ഐടി പോലുള്ള രംഗങ്ങളിൽ വലിയ സാധ്യതയുള്ള പ്രദേശമാണ് കോട്ടയം. വർക്ക് ഫ്രം ഹോം എന്നത് കോട്ടയം ജില്ലയ്ക്കു വലിയ സാധ്യതയുള്ള മേഖലയാണ്. വീട്ടമ്മമാർക്കുൾപ്പെടെ ഉപയോഗപ്രദമായ രീതിയിൽ അത്തരം തൊഴിൽമേഖലകൾ കണ്ടെത്താൻ കഴിയണം. മികച്ച വരുമാനം തേടിയാണ് നമ്മുടെ തലമുറ രാജ്യം വിടുന്നത്. അവർ ഉദ്ദേശിക്കുന്ന തരത്തിലുള്ള വേതനം നൽകാൻ കഴിഞ്ഞാൽ അവരുടെ കഴിവുകൾ നമുക്കു പ്രയോജനപ്പെടുത്താനാകും. ഇക്കാര്യങ്ങളിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പാക്കണം.

### ? കോട്ടയത്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്വപ്നപദ്ധതികൾ

കമ്മ്യൂണിക്കേഷനും യാത്രാസൗകര്യങ്ങളും നമ്മുടെ വികസനത്തിന്റെ പ്രധാന ഘടകങ്ങളാണ്. മെട്രോ ട്രെയിൻ കോട്ടയത്തേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. കോട്ടയം-കൊച്ചി കണക്ടിവിറ്റി വേണം. മുമ്പ് കോട്ടയം ടൗണിൽനിന്നു നേരിട്ട് കൊച്ചിയിലെത്താൻ കഴിയുന്ന ഒരു ജലപാത ഉണ്ടായിരുന്നു. കോട്ടയത്തുനിന്നാരംഭിച്ച് കുമരകംവഴി കൊച്ചിയിലെത്താൻ കഴിയുന്ന ഈ വാട്ടർ ഫ്രണ്ട്ലി റോഡ് നേരത്തേ ആലോചനയിൽ ഉണ്ടായിരുന്നു. അത് ടൂറിസം സാധ്യതയും വർധിപ്പിക്കുന്ന തരത്തിലായിരുന്നു വിഭാവനം ചെയ്തത്. കോട്ടയം- കുമരകം, കുമരകം-കൊച്ചി കണക്ടിവിറ്റി എന്നത് ആ ഇടനാഴിയിൽ ഉണ്ടാകാവുന്ന ഏറ്റവും വലിയ വികസനമായിരുന്നു. അതു കൊണ്ടുവരുന്നതിനുള്ള നടപടികൾ ഉണ്ടാകണം. നാളത്തെ കോട്ടയമെന്ന കാഴ്ചപ്പാടോടെ മുന്നോട്ടുപോകണം. ഇന്നു നടക്കുന്നത് തകരാറിലായ കോട്ടയത്തെ അറ്റകുറ്റപ്പണി നടത്തി ഉന്തിത്തള്ളി വിടുന്ന രീതിയാണ്. ഇതു മാറണം. ലോകം മാറുന്നതിനനുസരിച്ച് മാറ്റങ്ങളും വികസനങ്ങളും കോട്ടയത്തെത്തിക്കുന്ന തരത്തിൽ കുതിച്ചുചാട്ടമാണു വേണ്ടത്.

### ? സർക്കാറിന്റെ നിലപാടുകൾ മാറണം

ആവലാതി കേൾക്കുന്ന ഒരു സർക്കാർ ഉണ്ടാകണം. ഇന്നിപ്പോൾ നമ്മളെ അപമാനിച്ചുവിടുന്ന ഗവൺമെന്റാണുള്ളത്. നടന്നുകൊണ്ടിരിക്കുന്ന നിർമാണപ്രവർത്തനങ്ങളെ എങ്ങനെ തടസ്സപ്പെടുത്താൻ പറ്റും അല്ലെങ്കിൽ അതിനു ഏതുവിധത്തിൽ തുരങ്കം വയ്ക്കാൻ പറ്റും എന്നു ചിന്തിക്കുന്ന സർക്കാരാണ് ദൗർഭാഗ്യവശാൽ ഇപ്പോഴുള്ളത്. എല്ലാക്കാര്യത്തിലും രാഷ്ട്രീയം കലർത്തുകയാണ് സർക്കാർ. ജനങ്ങൾ എന്നതിനു പരിഗണന ലഭിക്കുന്നില്ല. സർക്കാർതീരുമാനങ്ങൾ ജനങ്ങളിൽ അടിച്ചേല്പിക്കുന്ന സാഹചര്യമാണുള്ളത്. എല്ലാക്കാലത്തും രാഷ്ട്രീയം മറന്ന് വികസനത്തിനായി ജനപ്രതിനിധികൾ ഒന്നിക്കാറുണ്ട്. ഇവിടെ നേരേ മറിച്ചാണു കാര്യങ്ങൾ നടക്കുന്നത്. നെഗറ്റീവ് പൊളിറ്റിക്സിന് അന്ത്യമുണ്ടാകണം.

### ? വനമേഖലയുമായി ചേർന്നുനിൽക്കുന്ന കർഷകരുടെ സംരക്ഷണം

കോട്ടയത്തുനിന്നു കുടിയേറിപ്പാർത്ത കർഷകരാണ് ഇടുക്കി, മലബാർ മേഖലകളെ ഇന്നു കാണുന്ന വിധത്തിൽ രൂപപ്പെടുത്തിയത്. ഭൗമോപരിതലത്തിൽ വൃക്ഷാവരണം ഏറ്റവും കൂടുതലുള്ളതു കേരളത്തിലാണ്. വനവിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി വൃക്ഷാവരണംകൂടി കണക്കിലെടുക്കാൻ കഴിഞ്ഞാൽ വനവിസ്തൃതി കുറച്ചുകൊണ്ടുവരാൻ കഴിയും. മരങ്ങളും ചെടികളും തിങ്ങിനിറഞ്ഞ ഭൂപ്രകൃതിയാണു നമ്മുടേത്. അതുകൊണ്ടാണ്, ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരു ലഭിച്ചത്. വനത്തിന്റെ പേരിൽ ആളുകളെ നിഷ്ഠുരമായി വേട്ടയാടുന്ന നടപടിയിലേക്കു പോകുന്നതു ശരിയല്ല. അവിടെ കർഷകർ കൃഷിയാണ് നടത്തുന്നത്; അല്ലാതെ ഭൂമിയെ വന്ധ്യംകരിക്കുകയല്ല ചെയ്യുന്നത്. ഇതു മനസ്സിലാക്കാൻ അധികൃതർ തയ്യാറാകുന്നില്ല. എല്ലാ കർഷകരും ചെയ്യുന്നതു പ്രകൃതിസംരക്ഷണമാണ്. ഓരോ കർഷകനിലും ഒരു തികഞ്ഞ പ്രകൃതിസ്നേഹിയുണ്ട്. അതിനാൽ, കർഷകരെ സംരക്ഷിക്കുന്നതിനുള്ള പുതിയ പൊളിച്ചെഴുത്തുകൾ നിയമത്തിനകത്തു കൊണ്ടുവരേണ്ട കാലം അതിക്രമിച്ചു.

▶12

# ‘ബാല്യകാലസഖി’യിൽ ഇന്നും ജീവിക്കുന്ന ബഷീർ

**വിശ്വവിഖ്യാതസാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ അന്തരിച്ചിട്ട് ജൂലൈ അഞ്ചിന് 30 വർഷം**

**അദ്ദേഹത്തിന്റെ അനശ്വരകൃതി ‘ബാല്യകാലസഖി’ക്ക് എൺപത്**



സപ്ന അനു ബി. ജോർജ്

**വൈ**ക്കം മുഹമ്മദ് ബഷീറിന്റെ ‘മജീദും സുഹ്റയും’ ബാല്യകാലസഖിയിലൂടെ മലയാളികളുടെ മനസ്സിൽ കുടിയേറിയിട്ട് 80 വർഷം തികഞ്ഞു. രണ്ടുതവണ സിനിമയായി 18 ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. അവതാരിക ഒഴിച്ചുനിർത്തിയാൽ 76 പേജുകൾമാത്രമുള്ള ഒരു ചെറുകഥയാണ് ഈ നോവൽ. ബഷീർ 1944 മേയ് 13 ന് കൊൽക്കത്തയിൽ താമസിക്കുന്ന കാലത്താണ് ബാല്യകാലസഖി പ്രസിദ്ധീകരിക്കുന്നത്. ആദ്യം ഇംഗ്ലീഷിൽ എഴുതിയ നോവൽ പിന്നീട് മലയാളത്തിലേക്കു ബഷീർതന്നെ തർജമ ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പെഴുതിയ ഈ നോവൽ ഇന്നും ലോകം കൗതുകത്തോടെ തുറന്നുവയ്ക്കുന്നു.

ഒറ്റയിരുപ്പിൽ വായിക്കാവുന്ന ഒരു കൊച്ചുനോവലാണു ബാല്യകാലസഖി. വായിക്കുന്നവരുടെയെല്ലാം മനസ്സിൽ സ്ഥിരപ്രതിഷ്ഠനേടുന്ന നായികാനായകന്മാർ – സുഹ്റയും മജീദും. അവരുടെ ബാല്യകാലത്തിനു നഖക്ഷതങ്ങളുടെ എരിവും മാമ്പഴത്തിന്റെ മധുരവും ഉണ്ടായിരുന്നു. സ്വപ്നജീവിയായ മജീദും ബുദ്ധിമതിയായ സുഹ്റയും ബാല്യകാലത്തുതന്നെ അവർക്കു പരസ്പരമുള്ള സ്നേഹം തിരിച്ചറിയുന്നു. ബാല്യകാലസുഹൃത്തുക്കൾ പ്രണയത്തിലാകുമ്പോൾ ഒരു അസ്വാഭാവികതയും തോന്നാത്തവിധത്തിൽ വായനക്കാരും അവർക്കൊപ്പം വളരുന്നു, സ്നേഹിക്കുന്നു, പ്രണയിക്കുന്നു. അത്ര സൂക്ഷ്മമായി വായിച്ചില്ലെങ്കിൽ പോലും ബഷീർ എന്ന സാഹിത്യകാരന്റെ ആത്മകഥാംശങ്ങൾ കഥയിൽനിന്നു കണ്ടെത്താനാകും. മജീദിനെപ്പോലെ ബഷീറും വീടുവിട്ട് ധാരാളം അലഞ്ഞിട്ടുണ്ട്. മജീദിനെപ്പോലെ പ്രതാപം നിറഞ്ഞ ഒരു ബാല്യവും,വീട്ടിൽ പിന്നീട് വന്നുചേർന്ന ദാരിദ്യവും ബഷീറും അനുഭവിച്ചിട്ടുണ്ട്.

എന്തായിരിക്കാം സുഹ്റ മജീദിനോടു പറയാൻ ബാക്കിവച്ചത്? പലതവണ പറയാൻ തുനിഞ്ഞിട്ടും സുഹ്റ പറയാതെപോയത് എന്താണെന്ന് വൈക്കം മുഹമ്മദ് ബഷീർ നമുക്കു പറഞ്ഞുതന്നില്ല. “എന്തായിരിക്കാം സുഹ്റ പറയാൻ കരുതിയത്? അറിയില്ല. അദ്ദേഹം അതു ഞങ്ങളോടും പറഞ്ഞിട്ടില്ല. നോവൽ ഇറങ്ങിയിട്ട് 80 വർഷം കഴിഞ്ഞിരിക്കുന്നു. ആദ്യപതിപ്പിന്റെ മുഖചിത്രം എന്തായിരുന്നുവെന്നുപോലും ഞങ്ങൾ കണ്ടിട്ടില്ല. അന്നു ഞങ്ങളൊന്നും ജനിച്ചിട്ടില്ലല്ലോ”ബഷീറിന്റെ മകൾ ഷാഹിന മകൾ പറഞ്ഞതായി വായിച്ചത് ഓർക്കുന്നു. വെറുമൊരു പ്രണയകഥയല്ല ബാല്യകാലസഖി. പറയാൻ ബാക്കിവച്ച, പറയാതെ പോയ എന്തോ ഒന്നിന്റെ നീറ്റൽ വായനക്കാർ വല്ലാതെ അനുഭവിക്കുന്നു. മജീദും സുഹ്റയും പ്രണയത്തിലായിരുന്നു, പക്ഷേ, നോവലിൽ ഒരിടത്തും ഇരുവരും പരസ്പരം പ്രണയം തുറന്നു പറയുന്നില്ല. രണ്ടു വട്ടം മജീദ് കഥയിൽ നാടുവിട്ടുപോകുന്നുണ്ട്, ഓരോ തവണയും സുഹ്റ എന്തോ പറയാൻ തുനിയുന്നുണ്ട്. പക്ഷേ, ഒന്നും പറയാൻ കഴിയുന്നുമില്ല. പറയാൻ ബാക്കിവച്ച എന്തൊക്കെയോ വായനക്കാരന്റെ മനസ്സിലും ഒരു വിങ്ങിപ്പൊട്ടിലായി നിൽക്കുന്നു.

നിഷ്കളങ്കയായ ഏഴു വയസ്സുകാരി സുഹ്റയും ഒമ്പതുവയസ്സുകാരൻ മജീദും ഓരോ ഘട്ടങ്ങളിലൂടെ വളർന്ന് സൗഹൃദത്തിലും പ്രണയത്തിലും എത്തിച്ചേരുന്നതാണ് കഥ. മജീദായി തന്നെത്തന്നെയാണ് ബഷീർ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. ബഷീറിന്റെ ബാപ്പയും ഉമ്മയും സഹോദരങ്ങളും നോവലിൽ കഥാപാത്രങ്ങളായി വരുന്നു. തലയോലപ്പറമ്പിലുള്ള മുഹമ്മദീയൻസ്കൂളിലാണ് മജീദും സുഹ്റയും പഠിച്ചത്. പുതുശേരി നാരായണപിള്ളയായിരുന്നു ക്ലാസ് അധ്യാപകൻ. കണക്കാണു പഠിപ്പിക്കുന്നത്. കണക്കുകളെ സംബന്ധിച്ചിടത്തോളം മജീദിന് ആകപ്പാടെ ഒരു അങ്കലാപ്പാണ്. ’മണ്ടശ്ശിരോമണി’ എന്നാണ് മജീദിനെ നാരായണപിള്ള വിളിച്ചിരുന്നത്. “ഒന്നും ഒന്നും എത്രയാണെടാ?” രണ്ടാണെന്നുള്ള ചോദ്യം മറികടന്ന് മജീദിന്റെ അദ്ഭുതകരമായ ഉത്തരംകേട്ട് ഗുരുനാഥനും സഹപാഠികളും പൊട്ടിച്ചിരിച്ചുപോയി:” ഇമ്മിണി ബല്യ ഒന്ന്”.

ബാല്യകാലസഖിയെപ്പറ്റി എം.പി.പോൾ അവതാരികയിൽ എഴുതിയതിന് ഒരു മറുവാക്കു പറയാനില്ല: ബാല്യകാലസഖി സ്വന്തം ജീവിതത്തിൽനിന്നു വലിച്ചുചീന്തിയ ഒരു ഏടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു.” കഥാന്ത്യത്തിൽ എല്ലാ പ്രശ്നങ്ങളെയും അതിജീവിച്ച് ഒന്നുചേരുന്ന കമിതാക്കളെ നാം പല നോവലുകളിലും കണ്ടിട്ടുണ്ട്. എന്നാൽ, ബഷീറിന്റെ ‘ബാല്യകാലസഖി’ ഇതിൽനിന്ന് വേറിട്ടുനിൽക്കുന്നു. മലയാളികൾ കണ്ട ഏറ്റവും സത്യസന്ധമായ പ്രണയകഥയാണ് ബാല്യകാലസഖി.

കഥാനായകനായ മജീദും നായിക സുഹ്റയും കണ്ടുമുട്ടുന്നത് അവർക്ക് യഥാക്രമം ഒമ്പതും ഏഴും വയസ്സുള്ളപ്പോഴാണ്. വയസ്സിൽ വ്യത്യാസമുണ്ടായിരുന്നെങ്കിലും ഒരു ക്ലാസ്സിലാണ് അവർ പഠിച്ചിരുന്നത്. സുഹ്റ കണക്കിൽ മിടുമിടുക്കിയായിരുന്നു. മജീദ് ഒരു മരമണ്ടനും. ആദ്യകാലത്ത് ബദ്ധവൈരികളായിരുന്നു ഇരുവരും. മാങ്ങാക്കൊതിച്ചിയായിരുന്ന സുഹ്റയ്ക്ക് മജീദ് മാങ്ങ പറിച്ചു കൊടുക്കുന്നതോടെ അവർ കൂട്ടുകാരാവുന്നു, പിന്നീട്, എപ്പോഴോ കമിതാക്കളും. പക്ഷേ, വിധി അവർക്കായി കാത്തുവച്ചത് ഇതൊന്നുമായിരുന്നില്ല. പിച്ചളച്ചെല്ലത്തിൽനിന്നു പുകയിലയെടുത്തു നീട്ടിത്തുപ്പി രസിച്ചിരുന്ന മജീദിന്റെ ബാപ്പ ഇത്തിരി പുകയിലയ്ക്ക് ഉമ്മയെ പറഞ്ഞയയ്ക്കുന്നതും, മാനത്തോളം ഉന്നതമായ സങ്കല്പസൗധത്തിൽ രാജകുമാരിയുമൊത്തു വിഹരിക്കുന്ന സ്വപ്നങ്ങൾ കണ്ടിരുന്ന മജീദ് ഹോട്ടലിലെ എച്ചിൽ പാത്രങ്ങൾ കഴുകുന്നതും കഥയിലെ ദയനീയമായ നിമിഷങ്ങളിൽ ചിലതു മാത്രമാണ്.

നിരവധി സാമൂഹികപ്രശ്നങ്ങൾ ഈ നോവൽ കൈകാര്യം ചെയ്യുന്നു. മിടുക്കിയായിട്ടും ദാരിദ്ര്യം മൂലം തുടർന്നുപഠിക്കാൻ കഴിയാഞ്ഞ സുഹ്റ ഇന്ത്യയിലെ ഒട്ടനവധി നിരക്ഷര ബാലികമാരുടെ പ്രതീകമാണ്. മനോഹരമായ ആഖ്യാനശൈലിയാണ് നോവലിന്റെ ഏറെ ആകർഷകമായ ഘടകം. അന്നുവരെ നമ്മുടെ സാഹിത്യത്തിന് അജ്ഞാതമായിരുന്ന മുസ്ലിംസമൂഹത്തിന്റെ ജീവിതം ഹൃദയദ്രവീകരണക്ഷമമായി ‘കഥകളുടെ സുൽത്താൻ’ നമുക്കായി അവതരിപ്പിച്ചിരിക്കുന്നു. ‘എന്റെ വാക്കാണെന്റെ ഭാഷ’ എന്നുറക്കെ പ്രഖ്യാപിച്ച ബഷീർതന്നെയാണോ ഇത്ര ലളിതമായി അച്ചടിഭാഷയിൽ എഴുതിയത് എന്ന സംശയം സ്വാഭാവികമാണ്. എം.പി പോളിന്റെ വാക്കുകൾ കടമെടുത്താൽ ‘ഈ നോവൽ മലയാളസാഹിത്യത്തിലെ കിടയറ്റ നോവൽ ആണ്, തീർച്ച.’

അയൽക്കാർ തമ്മിലുള്ള സ്നേഹം കൗമാരപ്രണയമായി പൂത്തുപന്തലിക്കുന്നു. മജീദിന്റെ പിതാവ് അക്കാലത്തു ധനികനായിരുന്നതിനാൽ പഠിത്തത്തിൽ മിടുക്കനല്ലാത്ത മജീദിനെ ദൂരെയുള്ള പട്ടണത്തിലെ ഒരു സ്കൂളിൽ അയയ്ക്കുന്നു. സുഹ്റയുടെ പിതാവിന് രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടായിരുന്നതിനാൽ പഠിക്കാൻ മിടുക്കിയായ മകളെ സ്കൂളിൽ അയയ്ക്കണമെന്ന വലിയ ആഗ്രഹവും! പക്ഷേ, അച്ഛന്റെ മരണത്തോടെ അവളുടെ പ്രതീക്ഷകൾ തകർന്നു. സുഹ്റയുടെ വിദ്യാഭ്യാസചെലവുകൂടി വഹിക്കണം എന്ന മജീദിന്റെ അഭ്യർത്ഥന പിതാവ് നിരസിച്ചു. മജീദ് തന്റെ പിതാവുമായുള്ള വഴക്കിനുശേഷം വീടുവിട്ടിറങ്ങുന്നു, വളരെക്കാലം ദൂരദേശങ്ങളിൽ അലഞ്ഞുനടക്കുന്നു. മടങ്ങിയെത്തിയപ്പോൾ, തന്റെ കുടുംബത്തിന്റെ പഴയകാല ഐശ്വര്യമെല്ലാം ഇല്ലാതായതായും തന്റെ പ്രിയപ്പെട്ട സുഹ്റ മറ്റൊരാളെ വിവാഹം കഴിച്ചതായും മജീദ് അറിയുന്നു. ആ പ്രണയനഷ്ടം അവനെ ദുഃഖത്തിലാഴ്ത്തുന്നു. എപ്പോഴോ സുഹ്റയെ വീണ്ടും കണ്ടുമുട്ടുന്നു മജീദ്. ഊർജസ്വലയായിരുന്ന ആ പഴയകാല സുന്ദരി, സുഹ്റ ഇന്ന് പരാജയവും ക്ഷീണവും മാത്രം അനുഭവിക്കുന്ന ഒരു സ്ത്രീയാണെന്ന് അവൻ മനസ്സിലാക്കുന്നു. സ്നേഹരഹിതമായ ദാമ്പത്യത്തിന്റെ കാഠിന്യത്തിൽ തകർന്നിരിക്കുന്ന അവളോട് മജീദ് ആധികാരത്തോടെ ആജ്ഞാപിക്കുന്നു: ‘സുഹ്റാ, തിരിച്ചുപോകരുത്”. അവൾ അത് അനുസരിക്കുന്നു.

വീണ്ടും മജീദ് വീടുവിട്ടിറങ്ങുന്നു, എന്നാൽ, ഇത്തവണ മനസ്സിൽ വ്യക്തമായ പദ്ധതികളുണ്ടായിരുന്നു: ഒരു ജോലി കണ്ടെത്തണം, ദാരിദ്ര്യത്തിൽനിന്നു മുക്തി നേടണം. അവൻ ഒരു ഉത്തരേന്ത്യൻനഗരത്തിലെത്തുന്നു. ഒരു നാൾ സെയിൽസ്മാനായി ജോലിനോക്കുന്നതിനിടെ ഒരു സൈക്കിളപകടത്തിൽപെട്ട് മജീദിന് കാൽ നഷ്ടമാവുന്നു. ആശുപത്രിയിൽനിന്നു ഡിസ്ചാർജ് ചെയ്തതിന്റെ പിറ്റേന്ന് ജോലിയും നഷ്ടപ്പെടുന്നു. അവൻ പല വാതിലുകളിലും മുട്ടിയെങ്കിലും ഒടുവിൽ, ഒരു ഹോട്ടലിൽ പാത്രം കഴുകുന്ന ജോലി കണ്ടെത്തുന്നു. ദിവസങ്ങളോളം വൃത്തികെട്ട പാത്രങ്ങൾ ചുരണ്ടുമ്പോൾ താൻ മടങ്ങിവരുന്നതും കാത്തിരിക്കുന്ന സുഹ്റയെ സ്വപ്നം കാണുന്നു. ഒടുവിൽ തന്റെ പ്രാണസഖിയെ വിവാഹം കഴിക്കുന്നതിനുമുമ്പ് നാട്ടിലെ കടങ്ങൾ വീട്ടാൻ മതിയായ പണം സമ്പാദിക്കണം എന്ന ചിന്ത മനസ്സിൽ നിറയുന്നു. വീണ്ടും വിധി അവരെ തോൽപ്പിക്കുന്നു. സുഹ്റ രോഗിയാണെന്നും തുടർന്നുള്ള അവളുടെ മരണത്തെക്കുറിച്ചും അമ്മ മജീദിനു കത്തെഴുതുന്നു. ജീവിതംതന്നെ മടുത്തു, പ്രപഞ്ചം ശൂന്യമായിപ്പോയപോലെ തോന്നി മജീദിന്. അവൻ വീണ്ടും പാത്രങ്ങൾ കഴുകിത്തുടങ്ങി. രണ്ടാം തവണ യാത്ര പറഞ്ഞിറങ്ങുന്നതിനു മുമ്പ് സുഹ്റ അവനോട് എന്തോ പറയാൻ തുടങ്ങിയതായിരുന്നു. പക്ഷേ, മുഴുമിപ്പിക്കാൻ ബസ്സിന്റെ ഹോൺ അനുവദിച്ചില്ല. എന്തായിരുന്നു അന്ന് ഒടുവിലായി സുഹ്റ പറയാൻ തുടങ്ങിയത്?

നോവൽ ഇവിടെ തീരുന്നു...

നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപ്പോരാളിയുമായിരുന്നു ‘ബേപ്പൂർ സുൽത്താൻ’ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന കേരളത്തിന്റെ ഹൃദയമറിഞ്ഞ വൈക്കം മുഹമ്മദ് ബഷീർ. 1908 ജനുവരി 21 ന് തലയോലപ്പറമ്പിലാണു ജനനം. 1982 ൽ പത്മശ്രീ പുരസ്കാരവും 1970 ൽ കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പും ബഷീറിനെത്തേടിയെത്തി. ജനകീയനായ എഴുത്തുകാരനെന്നും ഏറ്റവുമധികം വായിക്കപ്പെട്ട കഥാകൃത്തുക്കളിൽ ഒരാളെന്നും ബഷീർ വിശേഷിപ്പിക്കപ്പെട്ടു. കായി അബ്ദുറഹ്മാന്റെയും കുഞ്ഞാച്ചുമ്മയുടെയും ആറുമക്കളിൽ മൂത്തയാളായിരുന്നു ബഷീർ. തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലുമായിരുന്നു പ്രാഥമികവിദ്യാഭ്യാസം. സ്കൂൾപഠനകാലത്ത് വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായെത്തിയ ഗാന്ധിജിയെ കണ്ടതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. ഗാന്ധിജിയെ തൊട്ടുവെന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. വീടുവിട്ട് കോഴിക്കോട്ടെത്തിയ ബഷീർ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്നു. കോഴിക്കോട്ടുവച്ച്, ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ജയിലിലാകുകയും ചെയ്തു. അന്ന് അനുഭവിച്ച ക്രൂരമർദ്ദനത്തെക്കുറിച്ച് പിന്നീട് വിവരിക്കുന്നുണ്ട്, അദ്ദേഹം. ‘പ്രഭ’ എന്ന തൂലികാനാമത്തിൽ ‘ഉജ്ജീവനം’ വാരികയിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ ശക്തമായ ലേഖനങ്ങളെഴുതി. വാരിക പൊലീസ് കണ്ടെത്തി അറസ്റ്റ് ചെയ്യാനെത്തിയപ്പോൾ സുഹൃത്തുക്കളുടെ ഉപദേശത്തിൽ നാടുവിട്ട് വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു.

ശേഷം 12–ാം പേജിൽ





നോവൽ 4

# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതുവർഷംമുമ്പ് സിസിലിയുടെ കുടുംബം വീടു വിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് അവർ തമ്മിൽ ബന്ധമൊന്നുമുണ്ടായിരുന്നില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും കാറിൽ ഹൈറേഞ്ചിലേക്കു പോയി. കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലായിരുന്നു സിസിലിയും കുടുംബവും താമസിച്ചിരുന്നത്. സിസിലിയുടെ ഭർത്താവ് തോമസിനെ എട്ടു വർഷംമുമ്പ് ആനചവിട്ടിക്കൊന്നു എന്ന സത്യം അവിടെ ചെന്നപ്പോൾമാത്രമാണ് സൂസമ്മ അറിഞ്ഞത്. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവുണ്ടായിരുന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. മുടന്തു മാറ്റാനുള്ള സർജറിക്ക് പണം ഇല്ലാതിരുന്നതിനാൽ സിസിലി അതിനു തുനിഞ്ഞില്ല. സർജറിക്കുള്ള പണം കൊടുത്തു സഹായിക്കണമെന്ന് സൂസമ്മയും ജയേഷും മടക്കയാത്രയിൽ തീരുമാനിച്ചു. (തുടർന്നു വായിക്കുക)

**വി**വാഹത്തിനുള്ള ഒരുക്കങ്ങൾ മുന്നേറുകയായിരുന്നു. ക്ഷണിക്കേണ്ട കൂട്ടുകാരുടെയെല്ലാം ലിസ്റ്റ് ജയേഷ് തയ്യാറാക്കി. ബന്ധുക്കളുടെയും അയൽക്കാരുടെയും ബിസിനസ്സുഹൃത്തുക്കളുടെയുമൊക്കെ പട്ടിക സൂസമ്മയും ഭർത്താവ് ജോസും ചേർന്ന് റെഡിയാക്കി.

ജയേഷിന്റെ പപ്പ ജോസിന് ടൗണിൽ ചെറിയ ഒരു തുണിക്കടയുണ്ട്. രാവിലെ പോയാൽ ഇരുട്ടിയേ തിരിച്ചെത്തൂ. ജയേഷിനെ കൂടാതെ ഒരു മകൾകൂടിയുണ്ട് ജോസ് - സൂസമ്മ ദമ്പതികൾക്ക്: പ്രിയ. പ്രിയ സ്കൂൾ അധ്യാപികയാണ്. ഭർത്താവ് കിരൺ സ്വാശ്രയകോളജ് അധ്യാപകനും. ഇരുവരും താമസം ചങ്ങനാശ്ശേരിയിൽ.

ലിസ്റ്റ് നോക്കിയശേഷം ജോസ് പറഞ്ഞു:

"ഏകദേശം ആയിരത്തി ഇരുന്നൂറോളം പേരു വരും. സദ്യയ്ക്കുതന്നെ നല്ലൊരു തുക ചെലവാകും. കുറച്ചുപേരെ ഒഴിവാക്കിയാലോ?"

"ഒഴിവാക്കുകൊന്നും വേണ്ട. നമുക്ക് ഒരു മകനല്ലേ ഉള്ളൂ. പിശുക്കു കാണിക്കണ്ട. സദ്യയും ഗംഭീരമായിരിക്കണം. ഒന്നിനും ഒരു കുറവു വരുത്തണ്ട."

കല്യാണം കെങ്കേമമായി നടത്തണമെന്ന് സൂസമ്മയ്ക്കു നിർബന്ധം.


"കല്യാണത്തിന്റെ ആർഭാടമൊക്കെ കുറയ്ക്കണമെന്നല്ലേ സൂസമ്മേ കഴിഞ്ഞയാഴ്ച പള്ളീൽ അച്ചൻ വിളിച്ചുപറഞ്ഞത്?" എണ്ണം കുറച്ച്, സദ്യ ലളിതമാക്കി കുറച്ചു കാശ് മിച്ചം വച്ച് ഏതെങ്കിലും പാവപ്പെട്ടവന് ഒരു വീടു പണിതുകൊടുത്താലോ?"

ജോസ് സൂസമ്മയെ നോക്കി.

"സദ്യ കുറച്ചാൽ എനിക്കാ നാണക്കേട്. ഇലഞ്ഞിക്കലെ സോഫിയായുടെ മകന്റെ കല്യാണത്തിന് എന്തുമാത്രം വിഭവങ്ങളായിരുന്നു. അമ്പതിനായിരം രൂപേടെ സാരീം ഉടുത്ത് എന്റെ മുമ്പിൽവന്ന് അതു കഴിച്ചോ ഇതു കഴിച്ചോ എന്നു ചോദിച്ചുള്ള അവളുടെ നിൽപ്പുകാണണമായിരുന്നു. അതിനേക്കാൾ ഇച്ചിരികൂടി മുമ്പിൽ നിൽക്കണം നമ്മുടെ മോന്റെ കല്യാണം. നമ്മളും അത്ര മോശക്കാരല്ലെന്ന് അവളെയൊന്നു കാണിച്ചുകൊടുക്കണമല്ലോ!"

ജോസിനു ചിരി വന്നുപോയി. അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്ന പഴഞ്ചൊല്ല് എത്രയോ സത്യം. കൂടുതലൊന്നും പറയാതെ ജോസ് എണീറ്റുപോയി.

വിവാഹത്തെപ്പറ്റിയുള്ള സ്വപ്നങ്ങൾ മനസ്സിൽ താലോലിച്ചു നടക്കുകയായിരുന്നു ജയേഷ്. പ്രതിശ്രുതവധു വർഷ എല്ലാ ദിവസവും രാത്രി ഫോണിൽ വിളിച്ച് കുശലം പറയും. സ്നേഹം



കൈമാറും.

ഒരുക്കങ്ങളെല്ലാം പൂർത്തിയായി. വിവാഹത്തിന്റെ തലേന്ന് സന്ധ്യയായപ്പോഴേക്കും സിസിലിയും എൽസയും ജയേഷിന്റെ വീട്ടിലെത്തി. ജോസും സൂസമ്മയും അവരെ സന്തോഷത്തോടെ സ്വീകരിച്ച് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

"സൂസമ്മയുടെ കൂടെ ജോസിനുംകൂടി അങ്ങോട്ടൊന്നു വരാൻ മേലായിരുന്നോ. ഞങ്ങടെ വീടും പറമ്പുമൊക്കെ ഒന്നു കാണുകേം ചെയ്യായിരുന്നല്ലോ. ഞങ്ങൾ എന്നും നിങ്ങടെ കാര്യം പറയുമായിരുന്നു."

"കടയുള്ളതുകൊണ്ട് എങ്ങും പോകാൻ സമയമില്ല സിസിലീ. ഒരു ദിവസം വരാം."

"അകന്നിരിക്കുമ്പോൾ ബന്ധങ്ങളും അകന്നുപോകുമെന്നു പറയുന്നതു സത്യമാ. പണ്ട് ജോസെന്നു വച്ചാൽ തോമാച്ചായനു ജീവനായിരുന്നു. എന്തു പരിപാടിക്കു പോയാലും കൂടെ ജോസ് വേണമെന്നു നിർബന്ധമായിരുന്നു തോമാച്ചായന്. ഓർമയുണ്ടോ?"

"പിന്നില്ലേ! സമയം കിട്ടാത്തതുകൊണ്ടാ വരാത്തത്. പിന്നൊരിക്കൽ വരാം."

എത്ര വലിയ വീട്ടിലാണ് ജയേഷ് താമസിക്കുന്നതെന്ന് എൽസ അതിശയിച്ചുപോയി. നാലോ അഞ്ചോ മുറികൾ. കിടപ്പുമുറികളെല്ലാം എയർകണ്ടീഷൻഡ്. എന്തുമാത്രം വീട്ടുപകരണങ്ങൾ! എല്ലാ സുഖസൗകര്യങ്ങളും ദൈവം വാരിക്കോരി നൽകിയിരിക്കുന്നു. തനിക്കോ? മലമുകളിൽ ഒരു പഴയ വീടും കുറെ കണ്ണീരും.

എസിയുടെ തണുപ്പിൽ രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ എൽസയുടെ കണ്ണുകൾ നനഞ്ഞിരുന്നു. തന്റെ കാല് ഒന്ന് ഓപ്പറേഷൻ നടത്താനുള്ള പണംപോലും ദൈവം തന്നില്ലല്ലോ. എന്നും പള്ളിയിൽ പോയി പ്രാർഥിച്ചിട്ടും കുട്ടികളെ വേദപാഠം പഠിപ്പിച്ചിട്ടും എന്തേ ദൈവം തന്നോടു കരുണ കാണിക്കാത്തത്? തന്റെ വിശ്വാസത്തിന്റെ ആഴം അളക്കുകയാവും ദൈവം. യാചിക്കുന്നതു കിട്ടാതെ വരുമ്പോൾ തന്നിൽനിന്ന് ഇവൾ അകലുമോ എന്നു പരീക്ഷിക്കയാവും. ഇല്ല ദൈവമേ, അങ്ങയിൽനിന്ന് ഞാൻ ഒരിക്കലും അകലില്ല. ഇവിടെ അല്ലെങ്കിൽ സ്വർഗലോകത്ത് അങ്ങ് എനിക്കൊരു നല്ല ഇരിപ്പിടം ഒരുക്കിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. കൈകൊണ്ട് കണ്ണുതുടച്ചിട്ട് അവൾ ഒന്നു തിരിഞ്ഞുകിടന്നു. ഓരോന്നോർത്തു കിടന്നുമയങ്ങി.

പുലർച്ചെ ജയേഷ് എണീറ്റ് കുളിച്ചു ഫ്രഷായി. അവൻ മുഖത്തു പൗഡറിടുന്നതും സഹോദരി പ്രിയ അവനെ ഷർട്ടണിയിക്കുന്നതും ബട്ടൺസ് ഇടുന്നതുമൊക്കെ എൽസ കൗതുകത്തോടെ നോക്കിനിന്നു. തനിക്ക് ഒരു സഹോദരനുണ്ടായിരുന്നെങ്കിൽ ഇതുപോലെ അണിയിച്ചൊരുക്കാൻ ഭാഗ്യം കിട്ടുമായിരുന്നല്ലോ എന്ന് ഒരു നിമിഷം ഓർത്തുപോയി എൽസ. പ്രിയയോടൊപ്പം ജയേഷിനെ ഒരുക്കാൻ അവളുടെ ഹൃദയം കൊതിച്ചെങ്കിലും മനസ്സ് വിലക്കി. നീ അതിന് അർഹയല്ല. പ്രിയയ്ക്ക് അത് ഇഷ്ടമാവില്ല. മനസ്സ് പറഞ്ഞു.

പതിനൊന്നു മണിയായപ്പോൾ കല്യാണച്ചെക്കന്റെ കാർ പള്ളിമുറ്റത്തെത്തി. ഒരുപാട് ആളുകൾ കാത്തുനിൽപ്പുണ്ടായിരുന്നു. പൂക്കൾകൊണ്ട് അലങ്കരിച്ച, വധുവിന്റെ കാർ പള്ളിമുറ്റത്ത് ഇടംപിടിച്ചിരുന്നു. ജയേഷ് നവവധുവിന്റെ കൈപിടിച്ച് അവളെ കാറിൽനിന്നിറക്കി.

വധൂവരന്മാർ മാതാപിതാക്കളുടെ അകമ്പടിയോടെ പള്ളിക്കകത്തേക്കു കയറിപ്പോകുന്ന ദൃശ്യം നോക്കി എൽസ ഒരു സൈഡിലേക്കു മാറിനിന്നു. വർഷ സുന്ദരിയാണ്. ജയേഷിനു ചേരുന്ന പെണ്ണുതന്നെ. ആരോഗ്യം, സൗന്ദര്യം, സ്വത്ത്, ജോലി. ഇതിൽ കൂടുതൽ എന്തുവേണം ഒരാൾക്ക്! അവരുടെ കുടുംബജീവിതം സന്തോഷമായി ഭവിക്കട്ടെ. മനസ്സിൽ പറഞ്ഞിട്ട് എൽസ സാവധാനം മുടന്തി മുടന്തി പള്ളിയിലേക്കു കയറി.

പള്ളിക്കകത്ത് പ്രാർഥനാഗാനം മുഴങ്ങി. പിന്നാലെ വൈദികൻ അൾത്താരയിലേക്കു വന്ന് വിശുദ്ധകുർബാന തുടങ്ങി. വിവാഹം ആശീർവദിക്കാനുള്ള സമയമായപ്പോൾ അച്ചൻ വധൂവരന്മാരുടെ അടുത്തേക്കുവന്നു.

വധൂവരന്മാരുടെ പിന്നിൽ എല്ലാം നോക്കി നിൽക്കയായിരുന്നു എൽസയും സിസിലിയും. വർഷയുടെ കഴുത്തിൽ ജയേഷ് താലികെട്ടുന്ന ദൃശ്യം ഇമ വെട്ടാതെ എൽസ നോക്കിനിന്നു.

"ആനന്ദിക്കുക പ്രിയ പുത്രീ..., ആത്മവിഭൂഷിത മണവാട്ടീ..., നിന്നെയിതാ തിരുമണവാളൻ മണവറയിങ്കൽ നയിച്ചല്ലോ..."

ഗായകസംഘം ആലപിച്ച പാട്ടു കേട്ടപ്പോൾ എൽസയുടെ മനസ്സ് പുളകിതമായി. വർഷയുടെ സ്ഥാനത്ത് താനായിരുന്നു നിന്നിരുന്നതെങ്കിൽ എന്ന് ഒരു നിമിഷം അവൾ വെറുതെ ആഗ്രഹിച്ചുപോയി.

വിവാഹം കഴിഞ്ഞ് പാരീഷ് ഹാളിൽ വിഭവസമൃദ്ധമായ സദ്യ. നവദമ്പതികളെ കണ്ട് ആശംസ നേരാനും ഒപ്പം നിന്നു ഫോട്ടോ എടുക്കാനും ആളുകളുടെ തിക്കും തിരക്കും. തിരക്കു തെല്ലൊന്നു കുറഞ്ഞപ്പോൾ സൂസമ്മയും എൽസയും സ്റ്റേജിലേക്കു കയറി ഇരുവർക്കും ഹസ്തദാനം നൽകി. ജയേഷ് ഭാര്യയ്ക്കു പരിചയപ്പെടുത്തി.

"ഇത് സിസിലിയാന്റി. ഇത് എൽസ. പണ്ട് ഞങ്ങടെ അയൽക്കാരായിരുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞവരാ ഞങ്ങൾ. പത്തിരുപതു വർഷംമുമ്പ് ഇവരു വീടുവിറ്റു ഹൈറേഞ്ചിനു പോയി. ഇപ്പം അവിടാ താമസം."

വർഷ എൽസയെയും സൂസമ്മയെയും നോക്കി ചിരിച്ചു.

"വൈകാതെ രണ്ടുപേരും കൂടി അങ്ങോട്ടു വരണേ."

"വരാം ആന്റീ."

ജയേഷ് തലകുലുക്കി.

"ഞങ്ങള് ഇപ്പത്തന്നെ മടങ്ങ്വാ മോനേ. ഇപ്പ പോയില്ലെങ്കിൽ ഇരുട്ടുന്നേനുമുമ്പ് എത്താൻ പറ്റില്ല."

"ആയിക്കോട്ടെ ആന്റി. ഒരു ദിവസം ഞങ്ങളു വരാം."

"പോട്ടേ മോളേ? വൈകാതെ രണ്ടുപേരുംകൂടി വരണം ട്ടോ." ഒന്നുകൂടി ഓർമിപ്പിച്ചു.

"ഉം." വർഷ തലകുലുക്കി.

ജയേഷിന്റെയും വർഷയുടെയും കവിളിൽ സിസിലി ഒരു മുത്തം നൽകി. ഒപ്പംനിന്ന് ഫോട്ടോയെടുത്തിട്ട് സിസിലിയും എൽസയും സ്റ്റേജിൽനിന്നിറങ്ങി. സൂസമ്മയോടും ജോസിനോടും യാത്ര പറഞ്ഞിട്ട് വേഗം അവർ പുറത്തേക്കിറങ്ങി.

പഴയ സ്നേഹിതരെയും പരിചയക്കാരെയും കണ്ടു വിശേഷങ്ങൾ പങ്കുവച്ചു. വൈകാതെ ഒരു ഓട്ടോ വിളിച്ച് നേരേ ബസ് സ്റ്റാന്റിലേക്കു പുറപ്പെട്ടു.

ബസിലിരിക്കുമ്പോൾ സിസിലിയുടെ മനസ്സിൽ സങ്കടം നിറയുകയായിരുന്നു. അമ്മ വിഷാദമൂകയായി ഇരിക്കുന്നതു കണ്ടപ്പോൾ എൽസ ചോദിച്ചു:

"അമ്മ എന്താ സങ്കടപ്പെട്ടിരിക്കുന്നേ?"

"സങ്കടപ്പെടാതിരിക്കുന്നതെങ്ങനാ മോളേ! നിന്റെ പ്രായത്തിലുള്ളവരുടെയും നിന്നേക്കാൾ പ്രായം കുറഞ്ഞവരുടെയുമൊക്കെ കല്യാണം കഴിഞ്ഞു. നിരപ്പേലെ ജോണിച്ചന്റെ മകൾ ടീന നിന്നെക്കാൾ രണ്ടു വയസിനിളപ്പമാ. അവളുടെ കല്യാണം കഴിഞ്ഞ് ഒരു കൊച്ചുമായി. ഇന്നു ഞാൻ അവളെ കണ്ടു സംസാരിച്ചു."

"എനിക്കില്ലാത്ത വെഷമം എന്തിനാ അമ്മയ്ക്ക്? കല്യാണം കഴിഞ്ഞാൽ എന്റെ ജീവിതം സന്തോഷമാകുന്നു തോന്നുന്നുണ്ടോ അമ്മയ്ക്ക്. ചേച്ചീടെ ജീവിതം കണ്ടില്ലേ?

*ശേഷം 15-ാം പേജിൽ*

# കോട്ടയംപെരുമ വീണ്ടെടുക്കണം

9–ാം പേജ് തുടർച്ച

### ? വന്യജീവിനിയമം ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യം

വന്യജീവിയാക്രമണത്തിൽ കൊല്ലപ്പെടുന്നവരെക്കുറിച്ചുള്ള വാർത്തകൾ നിത്യേനയെന്നോണം കേൾക്കുന്നുണ്ട്. കാട്ടിൽ എത്ര വന്യജീവികൾ ഉണ്ടെന്ന കണക്കുപോലും നമ്മുടെ സർക്കാറിന്റെയൊ വനം വകുപ്പിന്റെയൊ കൈയിൽ ഇല്ല. എല്ലാ മനക്കണക്കണ്. സൗത്ത് ഇന്ത്യൻ സ്റ്റേറ്റുകളായ കർണാടക, കേരളം, തമിഴ്നാട് എന്നിവ ഉൾപ്പെടുന്ന വനഭൂമിയിലാണ് വന്യജീവികളുടെ വിന്യാസം. മൂന്നുസംസ്ഥാനങ്ങളും കൂടിയാലോചിച്ച് വന്യജീവികളുടെ ഒരു സർവേ അടിയന്തരമായി തയ്യാറാക്കണം. വന്യജീവികൾ അവയ്ക്ക് അനുവദനീയമായ സ്ഥലത്തുനിന്നു പുറത്തുകടക്കാതെ ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കി പുതിയ പദ്ധതികൾ ആവിഷ്കരിക്കണം.

### ? കോട്ടയത്തെ റബർകർഷകരെ സംരക്ഷിക്കണം

കോട്ടയത്തെക്കുറിച്ചുപറയുമ്പോൾ റബർകർഷകരെ മാറ്റിനിർത്താൻ കഴിയില്ല. യഥാർഥത്തിൽ റബർ കർഷകനെ പറഞ്ഞു കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സാധുക്കളായ റബർകർഷകർ അനുഭവിക്കുന്ന ദുരിതത്തിനു കൈയും കണക്കുമില്ല. റബർ വയ്ക്കുന്ന കാലംമുതൽ റബർ വെട്ടുന്ന കാലംവരെ ചെലവു മാത്രമാണ്. വെട്ടുന്ന സാഹചര്യമെത്തിയാൽ റബറിനു വിലയില്ല. ഇപ്പോൾ റബർ വെട്ടുന്നതിനേക്കാൾ ലാഭം വെട്ടാതിരിക്കുന്നതാണ്. ഇപ്പോൾ പപ്പാതി അടിസ്ഥാനത്തിലാണ് റബർ ടാപ്പിങ്. ഇനിയും വിലയിടിഞ്ഞാൽ ഈ വ്യവസ്ഥ പിന്നെയും കൂപ്പുകുത്തും. പണം മുടക്കി മണ്ണിൽ പണിയെടുത്തവനു കണ്ണീരുമാത്രം തിരിച്ചുകിട്ടുന്ന മേഖലയായി റബർ കൃഷി. കോട്ടയത്തെ പല റബർകർഷകരും കൃഷി ഉപേക്ഷിച്ചു. മറ്റ് കർഷകരുടെയും അവസ്ഥ ഇതൊക്കെത്തന്നെയാണ്. നെല്ലു വിറ്റാൽപ്പോലും പണം ലഭിക്കാൻ കർഷകൻ സമരം ചെയ്യേണ്ട സ്ഥിതിയിലേക്ക് കാര്യങ്ങളെത്തിയിരിക്കുന്നു.

### ? പുതിയ ഐക്യമുന്നണി രൂപപ്പെടണം

ഈ പ്രദേശത്തിന്റെ ശബ്ദം ഉയർത്താൻ സമാന ചിന്താഗതിയുള്ള ആളുകളുടെ പുതിയ ഐക്യമുന്നണി രൂപപ്പെടേണ്ടതുണ്ട്. എങ്കിലേ കോട്ടയവും കേരളവും രക്ഷപ്പെടുകയുള്ളൂ. ഇതിനായി രാഷ്ട്രീയം മറന്ന് എല്ലാവരും ഒന്നിക്കണം. ഇപ്പോൾ കോട്ടയം നഗരം കേന്ദ്രീകരിച്ച് കോട്ടയത്തിന്റെ പൗരാണികപദവി നില



നിർത്താനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിനു തുടർച്ചയുണ്ടാകണം. വികസനസാധ്യതകൾ ഏറെയുള്ള സ്ഥലമാണ് കോട്ടയം. ഇവയെല്ലാം പ്രയോജനപ്പെടുത്തുന്ന രീതിയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. ജോലി തേടിപ്പോയ കോട്ടയംകാരെ തിരികെയെത്തിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ■

---

കവിത — ബിജു എം. കെ.

## മിന്നാമിനുങ്ങിന്റെ വെട്ടം

ഞെട്ടറ്റു വീഴുന്നിലയ്ക്കുമുണ്ട്
പറയുവാനായിരം കഥകളേറെ
വീഴാതെ വാഴുന്നിലയ്ക്കുമുണ്ട്
കാണുവാനായിരം സ്വപ്നങ്ങളും
വറ്റിവരണ്ടൊരാ പുഴയ്ക്കുമുണ്ട്
വർണ്ണങ്ങൾനെയ്യുന്ന കഥ പറയാൻ
തീരത്തിരിക്കുന്ന വഞ്ചിക്കുമുണ്ട്
തുടിക്കുന്ന ഹൃദയത്തിൻ താളമൊന്ന്
ഇരവുകൾ മറയുന്ന പുലർകാലത്തിനി
എന്നിൽ വരുമോ നീ സ്വപ്നങ്ങളേ
ആകാശമേലാപ്പിൽ മിന്നിമറയുന്ന
നക്ഷത്രമാണിന്നെനിക്കുകൂട്ട്
മണ്ണിന്റെ മാറിൽ മലർന്നുകിടന്നു ഞാൻ
കാണുന്നു മിന്നാമിനുങ്ങുവെട്ടം
പെട്ടെന്നുവന്നൊരാ കാർമേഘത്തുണ്ടുകൾ
തല്ലിക്കെടുത്തിയാ സ്വപ്നങ്ങളെ
എങ്കിലും ഞാനെൻ പ്രതീക്ഷതൻ തേരിലാ
സ്വപ്നത്തിൻ കുതിരയെ കെട്ടിയിട്ടു
ചിറകടിച്ചുയരുവാൻ വെമ്പുന്ന പക്ഷിതൻ
ഹൃദയത്തിൻ താളമുയർന്നുപൊങ്ങി
കാർമേഘത്തുണ്ടുകൾ കുളിർമഴയായപ്പോൾ
ഭൂമിതൻ ജീവനോ തളിരണിഞ്ഞു
വഞ്ചിത്തുഴപ്പാട്ടിൻ താളത്തിലാപ്പുഴ-
യൊന്നു ശാന്തമായൊഴുകിടുന്നു.
പുഴയൊന്നു ശാന്തമായൊഴുകിടുന്നു...

---

വേട്ടക്കാരായ വന്യജന്തുക്കൾ

മാത്യൂസ് ആർപ്പൂക്കര

## മരപ്പട്ടി



**കാ**ട്ടിലും നാട്ടിൻപുറങ്ങളിലുമൊക്കെ മരപ്പട്ടിയെ കാണാം. വനത്തിൽ പാറക്കൂട്ടത്തിലോ കുറ്റിക്കാട്ടിലോ വള്ളിക്കുടിലിലോ ആണ് അവയുടെ താമസം. നാട്ടിൻപുറങ്ങളിൽ ആളൊഴിഞ്ഞ വീടുകളിലെ തട്ടിൻപുറങ്ങളിലോ മേലാപ്പുകളിലോ ആവും ഇതിന്റെ പ്രധാന താവളം. ‘പനവെരുക്’ എന്നും ഇവയ്ക്കു വിളിപ്പേരുണ്ട്.

മരപ്പട്ടിക്കു വാലുൾപ്പെടെ മൂന്നടിയോളം നീളം കാണും. ഭാരം ഏതാണ്ട് അഞ്ചുമുതൽ എട്ടു കിലോഗ്രാം വരെ വരാം. കറുപ്പുകലർന്ന ചാരനിറമാണ്. ശരീരത്തിൽ ചെറുവരയും കുറികളും ഉണ്ടാവും. ശരീരമാകെ രോമമാണ്. പ്രത്യേകിച്ച് വാലിൽ നിറയേ രോമം കാണാം. വിരലുകളിലെ നഖമുപയോഗിച്ചു മരത്തിലും പാറയിലും മറ്റും കയറാൻ സാധിക്കുന്നു. ഒരു മരത്തിൽനിന്നു മറ്റൊരു മരത്തിലേക്ക് അത്യാവശ്യം ചാടാനും മരപ്പട്ടികൾക്കു സാധിക്കാറുണ്ട്. പൂച്ചകളെപ്പോലെ ശബ്ദമുണ്ടാക്കാതെ നടക്കാൻ കഴിയുന്ന കാൽപ്പാദങ്ങളാണ് ഇവയുടേത്. പട്ടികളുടെ മുഖച്ഛായയും മരത്തിലുള്ള താമസവുമാകാം ഇവയ്ക്കു മരപ്പട്ടി എന്ന പേരു നേടിക്കൊടുത്തത്. രാത്രിയായാലും ഇതിന്റെ സഞ്ചാരം ഒട്ടും ശബ്ദമില്ലാതെയാണ്. ഒറ്റയ്ക്കു സഞ്ചരിക്കാനാണിഷ്ടം. പഴങ്ങളാണ് ഇഷ്ടമെങ്കിലും ചെറുജീവികളെയും ഇവ തിന്നും. തന്നോളം വലുപ്പമാർന്ന കാട്ടുപൂച്ചയെപ്പോലും വേണ്ടിവന്നാൽ ഇവ ആക്രമിക്കും.

ആക്രമിക്കുമ്പോഴോ അപകടംപറ്റിയാലോ മരപ്പട്ടികൾ കഴിവതും ശബ്ദിച്ചു കാണുന്നില്ല. സാവധാനം ഇരയുടെ പിന്നാലെപോയി ആക്രമിക്കുകയാണു പതിവ്. കഴിവതും ചെറുജന്തുക്കളെയാണ് മരപ്പട്ടികൾ ഇരയാക്കുക. വേട്ടയാടിപ്പിടിച്ച ഇരയെ അവിടെവച്ചുതന്നെ ഭക്ഷിക്കുകയാണ് ഇവയുടെ പതിവ്. ബാക്കിവരുന്ന ഭക്ഷണം ഉപേക്ഷിച്ചുകളയുന്നു. മുറിവു പറ്റിയാലും ഇവ ശബ്ദിക്കാറില്ലെന്നതാണു വിചിത്രമായ കാര്യം.


---

# ‘ബാല്യകാലസഖി’യിൽ ഇന്നും ജീവിക്കുന്ന ബഷീർ

10–ാം പേജ് തുടർച്ച

ഈ യാത്രയിൽ പല ജോലികളും ചെയ്തു, പല ഭാഷകൾ പഠിച്ചു, മനുഷ്യജീവിതത്തിന്റെ തീവ്രദാരിദ്ര്യവും മനുഷ്യദുരയും നേരിട്ടുകണ്ട് അനുഭവിച്ചു. ലോകം ചുറ്റിനടന്നു കണ്ടെത്തിയ ഒട്ടേറെ ജീവിതസത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

‘ജയകേസരി‘യിൽ പ്രസിദ്ധീകരിച്ച ‘എന്റെ തങ്കം’ ആണ് ആദ്യം പ്രസിദ്ധീകരിച്ച കഥ. ജോലി അന്വേഷിച്ചെത്തിയ ബഷീർ പ്രതിഫലത്തിനായി ഗത്യന്തരമില്ലാതെ, എഴുതിയ ആദ്യത്തെ കഥ. കറുത്തു വിരൂപയായ പെണ്ണിന്റെയും ചട്ടുകാലും കോങ്കണ്ണും കൂനുമുള്ള യാചകൻ ചെറുക്കന്റെയും കഥയാണ് എന്റെ തങ്കം. ബഷീറിന്റെ ആദ്യത്തെ നോവലാണ് പ്രേമലേഖനം. വളരെ കുറച്ചുമാത്രം എഴുതിയിട്ടും ബഷീർസാഹിത്യം മലയാളത്തിന്റെ ഒരു സാഹിത്യശാഖയായിത്തീർന്നു. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്തും നർമബോധവുംകൊണ്ട്, അദ്ദേഹം വായനക്കാരെ ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ താഴേക്കിടയിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം ജീവസ്സുറ്റതാക്കിത്തീർത്തു. ജയിൽപ്പുള്ളികളും ഭിക്ഷക്കാരും വേശ്യകളും പട്ടിണിക്കാരും സ്വവർഗാനുരാഗികളും നിറഞ്ഞ ഒരു ഫാന്റസിയായിരുന്നു ബഷീറിന്റെ ലോകം. ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ വികാരങ്ങൾക്കോ അക്കാ



ലത്തു സാഹിത്യത്തിൽ സ്ഥാനമില്ലായിരുന്നതിനാൽ, ആ കഥകളിലൂടെ സമൂഹത്തിനുനേരേയുള്ള വിമർശനചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിൽ ഒളിപ്പിച്ചുവച്ചു വെന്നും പറയാം. അനുഭവങ്ങളുടെ വേദന, വികാരതീവ്രത എല്ലാം തന്റെ തൂലികയിലൂടെ അദ്ദേഹം അനശ്വരമാക്കി. വൈകി ഫാത്തിമാബീവിയെ വിവാഹം കഴിച്ച ബഷീന്റെ 36 വർഷത്തെ ദാമ്പത്യജീവിതത്തിന്റെ ഓർമ്മകളുൾക്കൊള്ളുന്ന ആത്മകഥ, ‘എടിയേ’ എന്നപേരിൽ ഡിസി ബുക്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബഷീറിന്റെ വ്യക്തിജീവിതത്തിലെ മറ്റാരുമറിയാത്ത അനുഭവങ്ങളും രഹസ്യങ്ങളുമാണ് ഈ പുസ്തകത്തിലൂടെ നമ്മൾ വായിക്കുന്നത്. അനീസ്, ഷാഹിന എന്നിവരാണ് മക്കൾ. 1994 ജൂലൈ 5 ന് ബഷീർ അന്തരിച്ചു.

ബഷീറിന്റെ പ്രധാന കൃതികളിൽ നോവൽ, ചെറുകഥകൾ, ഡയറിക്കുറിപ്പുകൾ, തിരക്കഥകൾ, നാടകം, ഓർമക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുന്നു. ബഷീറിന്റെ കത്തുകൾ മരണശേഷം പ്രസിദ്ധീകരിക്കയുണ്ടായി. അതീവലളിതവും ഹൃദ്യവുമായിരുന്നെങ്കിലും തന്റേതായ ബഷീറിയൻ ശൈലി പരിഭാഷകർക്ക് ധാരാളം ബുദ്ധിമുട്ടുണ്ടാക്കി. എന്നിരുന്നാലും ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, ന്റുപ്പുപ്പായ്ക്കൊരാനേണ്ടാർന്ന് എന്നീ നോവലുകൾ സ്കോട്ട്ലണ്ടിലെ ഏഡിൻബറോ സർവകലാശാല ഒറ്റപ്പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോ. റൊണാൾഡ് ആഷർ ആണ് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തത്. അദ്ദേഹത്തിന്റെ ചരമദിനം ‘ബഷീർ ദിനമായി’ ആചരിക്കുന്നു. ആ ദിവസം ബഷീറുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടികൾ വിദ്യാലയങ്ങളിൽ നടന്നുവരുന്നു. ■

# കുരിശിന്റെ വഴി പിന്തുടർന്ന സ്റ്റാൻസ്വാമി

**ഉത്തരേന്ത്യയിലെ ദളിത് – ആദിവാസി സമൂഹങ്ങളുടെ അവകാശസംരക്ഷണത്തിനായി ജീവിതം ഹോമിച്ച ഈശോസഭാവൈദികൻ ഫാ. സ്റ്റാൻസ്വാമി അന്തരിച്ചിട്ട് ജൂലൈ അഞ്ചിന് മൂന്നു വർഷം.**



ഡിജോ കാപ്പൻ


**മാ**വോവാദിയെന്നും ദേശദ്രോഹിയെന്നും വിളിച്ച് ഭരണകൂടം ജയിലിലിട്ടു കൊലപ്പെടുത്തിയത് വിശുദ്ധനായ ഒരു മനുഷ്യനെയായിരുന്നു. ഇങ്ങനെ പറഞ്ഞത് ബീഹാറിലെ 'സിങ്ഭൂമിയിലെ' ഗോത്രവർഗക്കാർക്കിടയിൽ സന്നദ്ധപ്രവർത്തനം നടത്തുകയായിരുന്ന ഫാ. സ്റ്റാൻസ്വാമിക്കൊപ്പം എഴുപതുകളിൽ ഒരുമിച്ചുതാമസിച്ചിട്ടുള്ള സ്റ്റാൻ തെക്കേക്കരയാണ്. അവിടെ ഒരു കുടുസുമുറിയിലായിരുന്നു ഇരുവരും താമസിച്ചിരുന്നത്.

വളരെ കുറച്ചു ഭക്ഷണം മാത്രം കഴിച്ച് സഹജീവികളുടെ ഉയർച്ചയല്ലാതെ മറ്റൊന്നും മോഹിക്കാതെ സന്ന്യാസിയായാണ് അദ്ദേഹം ജീവിച്ചിരുന്നത്. മുറിയിൽകയറുന്ന പ്രാണികളെപ്പോലും ഇല്ലാതാക്കാൻ അദ്ദേഹം സമ്മതിക്കില്ലായിരുന്നു. ദേഷ്യപ്പെടുമ്പോഴും ഏറ്റവും സൗമ്യമായിമാത്രം സംസാരിക്കുന്ന പ്രകൃതം. ആ മനുഷ്യനെയാണ് ചിലർ ഭീകരൻ എന്നു വിളിച്ചത്, വെള്ളം കുടിക്കാൻ ഒരു സ്ട്രോഗ്ലാസ്പോലും നിഷേധിച്ചത്. ചികിത്സ നൽകാതെ, ജാമ്യം നൽകാതെ, ഒടുവിൽ മരണത്തിന് എറിഞ്ഞുകൊടുത്തു. സ്റ്റാൻ തെക്കേക്കര ഓർമിപ്പിച്ചു.

റോമൻകത്തോലിക്കാസഭയിലെ ഒരു സന്ന്യാസസമൂഹമാണ് ഈശോസഭ. ജെസ്യൂട്ടുകൾ എന്ന പേരിലും ഇവർ അറിയപ്പെടുന്നു. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ 1937 ഏപ്രിൽ 26 നു ജനിച്ച സ്റ്റാൻസ്വാമി വൈദികസെമിനാരിപഠനത്തിനുശേഷം 1970 കളിൽ ദൈവശാസ്ത്രം പഠിക്കുകയും ഫിലിപ്പൈൻസിൽനിന്നു സാമൂഹികശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടുകയും ചെയ്തു. പഠനകാലത്ത് ബ്രസീലിയൻ കത്തോലിക്കാ ആർച്ചുബിഷപ് ഹോൾഡർ സെമറയുമായുണ്ടായ സൗഹൃദംമൂലം പാവപ്പെട്ടവർക്കുവേണ്ടിയുള്ള സേവനപ്രവർത്തനങ്ങൾ സ്റ്റാൻസ്വാമിയെ സ്വാധീനിച്ചു.

1975 മുതൽ 86 വരെ ബാംഗ്ലൂരിലെ ജെസ്യൂട്ടുകൾ നടത്തുന്ന ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായിരുന്നു അദ്ദേഹം. രാജ്യത്തെ ആദിവാസികളുടെ സംരക്ഷണം, ക്ഷേമം, വികസനം എന്നിവയ്ക്കായി ആദിവാസിസമുദായാംഗങ്ങൾമാത്രം ഉൾപ്പെട്ട ഒരു ഗോത്ര ഉപദേശകസമിതി ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂൾ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ഇതു നടപ്പാക്കാത്തതിനെ സ്റ്റാൻസ്വാമി ചോദ്യം ചെയ്തിരുന്നു.

സ്റ്റാൻസ്വാമിയുടെ പ്രവർത്തനം മുഴുവൻ കിഴക്കൻ സംസ്ഥാനങ്ങളിലെ ആദിവാസികൾക്കിടയിലായിരുന്നു. ആദിവാസി-ദളിത്പ്രശ്നങ്ങളിൽ അദ്ദേഹത്തിന്റെ സജീവസാന്നിധ്യമുണ്ടായിരുന്നു. 1986 ൽ ഝാർഖണ്ഡിലെത്തിയ സ്റ്റാൻസ്വാമി അവിടെ ധാതുസമ്പത്ത് ഏറെയുള്ള ആദിവാസിമേഖലകളിൽ ഖനികുത്തകകൾക്കുവേണ്ടി ആദിവാസികളെ കുടിയിറക്കുന്നതിനെ ചോദ്യം ചെയ്തു. കുടിയിറക്കിനു വിധേയരാകേണ്ടിവന്ന ആദിവാസികളിൽ അവകാശബോധമുണ്ടാക്കി ചൂഷണത്തിനെതിരേ സമരസജ്ജരാക്കി എന്നതാണ് സമ്പന്നകുത്തകകൾക്കും ഭരണകൂടങ്ങൾക്കും സ്റ്റാൻസ്വാമിയോടു വിരോധമുണ്ടാകാൻ ഏകകാരണം.



അന്യായമായി ജയിലിലടയ്ക്കപ്പെട്ട മൂവായിരത്തോളം ആദിവാസികളുടെ കഥ 2010 ൽ സ്റ്റാൻസ്വാമി പുസ്തകമാക്കി പ്രസിദ്ധീകരിച്ചതോടെ അദ്ദേഹത്തെ ചിലർ അർബൻ നക്സലാക്കി. മാവോയിസ്റ്റുകൾ എന്നു മുദ്രയടിച്ച് ജയിലിലടച്ചിട്ടുള്ള ആളുകളെ മോചിപ്പിക്കുന്നതിനായി അദ്ദേഹവും സുധ ഭരദ്വാജും ചേർന്ന് പീഡിതതടവുകാരുടെ സോളിഡാരിറ്റി കമ്മറ്റി (പി.പി.എസ്.) രൂപീകരിച്ചതോടെ ഫാ. സ്റ്റാൻസ്വാമിയെ അവർ മാവോയിസ്റ്റാക്കി.

1818 ജനുവരി ഒന്നിന് മഹാരാഷ്ട്രയിലെ പൂണെ കോദേഗാമിൽ മേൽജാതിക്കാരായ പേഷ്വാമാർക്കെതിരേ 'മഹർ' വിഭാഗക്കാരായ ദളിത്സൈനികർ നേടിയ യുദ്ധവിജയത്തിന്റെ ഇരുനൂറാം വാർഷികം 2017 ഡിസംബർ 31 ന് പൂണൈ ശനിഹർവാഡ കോട്ടയിൽ നടന്നിരുന്നു. ഈ പരിപാടിയിൽ ഫാ. സ്റ്റാൻസ്വാമി പങ്കെടുത്തില്ലെന്നുമാത്രമല്ല, സംഘാടകനുമായിരുന്നില്ല. ഇരുന്നൂറ്റമ്പതോളം ഇടത് അംബേദ്കറിസ്റ്റ് സന്നദ്ധസംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയതായിരുന്നു പരിപാടി. ആദിവാസിദളിത്പിന്നാക്കവിഭാഗങ്ങളുടെ കരുത്തു തെളിയിച്ച പരിപാടിയിൽ അസ്വസ്ഥരായ സവർണസംഘപരിവാർ നടത്തിയ ഇടപെടൽ വലിയ സംഘർഷത്തിനിടയാക്കി.

എന്നാൽ, സംഘർഷത്തിന്റെ യെല്ലാം പിന്നിൽ പരിപാടി സംഘടിപ്പിച്ചവരാണെന്നാരോപിച്ച് പൊലീസ് രാജ്യവ്യാപകമായ തിരച്ചിൽ നടത്തി. പതിനഞ്ചോളം ആക്ടിവിസ്റ്റുകളെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. ആദിവാസി, ദളിത് തുടങ്ങിയ പാർശ്വവത്കരിക്കപ്പെട്ടവരുടെ മനുഷ്യാവകാശങ്ങൾക്കായി നിരന്തരം പൊരുതുന്നവർ നാളെ ഭരണകൂടത്തിനു ഭീഷണിയായേക്കും എന്ന വിലയിരുത്തലാവാം ഈ രംഗത്തു പ്രവർത്തിച്ചിരുന്ന രാജ്യത്തെ പ്രധാനികളെയെല്ലാം എൻ.ഐ.എ. ഉപയോഗിച്ച് തിരഞ്ഞുപിടിച്ച് യു.എ.പി.എ. ചുമത്തി തടവിലാക്കിയത്.

2020 ഒക്ടോബർ 8 നാണ് ഫാ. സ്റ്റാൻസ്വാമിയെ ജെസ്യൂട്ട് സോഷ്യൽ ആക്ഷൻ സെന്ററായ ബാഗൈയിൽനിന്ന് എൻ.ഐ.എ. അറസ്റ്റു ചെയ്തത്.

കാൻസർ, പാർക്കിൻസൺസ് രോഗങ്ങൾ അലട്ടവേയായിരുന്നു ഫാദറിന്റെ അറസ്റ്റും ജയിൽവാസവും. ഇന്ത്യയിൽ യു.എ.പി.എ. ചുമത്തപ്പെട്ട് ജയിലിൽ കിടന്നിട്ടുള്ള ഏറ്റവും പ്രായംകൂടിയ ആളാണ് അദ്ദേഹം. മെഡിക്കൽ കാരണങ്ങളിലുള്ള ഇടക്കാല ജാമ്യം പ്രത്യേക എൻ.ഐ.എ. കോടതി 2020 ഒക്ടോബർ 2 ന് നിരസിച്ചു. പാർക്കിൻസൺ രോഗംകാരണം ഗ്ലാസ് പിടിക്കാൻ കഴിയാത്തതിനാൽ സ്ട്രോയും സിപ്പറും ആവശ്യപ്പെട്ട് 2020 നവംബർ 6 ന് അദ്ദേഹം പ്രത്യേകകോടതിയിൽ അപേക്ഷ സമർപ്പിച്ചു. ആ അപേക്ഷയോട് പ്രതികരിക്കാൻ എൻ.ഐ.എ. കോടതിയിൽ ആവശ്യപ്പെട്ടത് 20 ദിവസത്തെ സമയമാണ്. ഫാദറിന്റെ സ്ട്രോയും സിപ്പറും തങ്ങളുടെ പക്കലില്ലെന്ന് എൻ.ഐ.എ. കോടതിയെ അറിയിച്ചത് നവംബർ 26 ന്.

തന്റെ 83 വയസ്സും പാർക്കിൻസൺ രോഗവും ചൂണ്ടിക്കാട്ടി രണ്ടാംതവണയും ജാമ്യത്തിനായി അപേക്ഷ നൽകി. സ്ട്രോ, സിപ്പർ, കമ്പിളിവസ്ത്രങ്ങൾ തുടങ്ങിയ ആവശ്യത്തിലും പെട്ടെന്നു തീരുമാനമെടുക്കാതെ ജയിലധികൃതരോട് അഭിപ്രായം ചോദിച്ച് കേസ് പിന്നെയും 2020 ഡിസംബർ നാലിലേക്കു മാറ്റുകയാണു കോടതി ചെയ്തത്. ഒടുവിൽ അറസ്റ്റിലായി 50 ദിവസത്തിനുശേഷമാണ് ജയിലധികൃതർ സ്റ്റാൻസ്വാമിക്കൊരു സിപ്പർ നൽകുന്നത്.

2020 നവംബറിലെ ജാമ്യാപേക്ഷ പ്രത്യേക എൻ.ഐ.എ. കോടതി 2021 മാർച്ച് 22 ന് നിരസിച്ചു. കേന്ദ്രസർക്കാരിനെ പ്രതിനിധീകരിക്കുന്ന എൻ.ഐ.എ. സ്റ്റാൻസ്വാമിക്കു ജാമ്യം നൽകുന്നതിനെ കോടതിയിൽ ശക്തമായി എതിർക്കുകയായിരുന്നു. ഒടുവിൽ സ്റ്റാൻസ്വാമിയുടെ അഭിഭാഷകർ 2021 മേയിൽ മുംബൈ കോടതിയെ സമീപിച്ച ശേഷമാണ് മേയ് 28 ന് 15 ദിവസത്തേക്ക് അദ്ദേഹത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സിക്കാനായത്. അദ്ദേഹത്തിന്റെ സ്ഥിതി ഗുരുതരാവസ്ഥയിലാണെന്ന റിപ്പോർട്ടിനെത്തുടർന്നാണ് കോടതി കനിഞ്ഞത്. 2021 ജൂലൈ 4 ന് അദ്ദേഹത്തിന്റെ ആരോഗ്യം വളരെ മോശമായതിനാൽ മുംബൈ ഹോളിഫാമിലി ഹോസ്പിറ്റലിൽ വെന്റിലേറ്ററിന്റെ സഹായം നൽകി. 2021 ജൂലൈ 5 ന് അദ്ദേഹം അന്തരിച്ചു.

ഫാ. സ്റ്റാൻസ്വാമിയുടേത് ജയിലിലെ കൊലപാതകമാണെന്ന് ശിവസേന നേതാവ് സഞ്ജയ് റാവത്ത് ആരോപിച്ചു. സ്വാമി ഉത്കൃഷ്ടനായ വ്യക്തിയായിരുന്നുവെന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോടു ബഹുമാനമായിരുന്നുവെന്നും മരണശേഷം മുംബൈ ഹൈക്കോടതി പറഞ്ഞത് വലിയ വിവാദമായിരുന്നു.

മാവോവാദികളുടെ കത്തുകൾ എന്ന നിലയിൽ പ്രചരിപ്പിച്ചതടക്കം 44 രേഖകൾ സ്റ്റാൻസ്വാമിയുടെ ലാപ്ടോപ്പിൽ ഹാക്ക് ചെയ്ത് സ്ഥാപിച്ചതായി അമേരിക്കൻ ഫോറൻസിക് സ്ഥാപനം 'ആഴ്സനൽ കൺസൾട്ടിങ്' പുറത്തുവിട്ട റിപ്പോർട്ടും ലോകം മുഴുവൻ ചർച്ച ചെയ്യപ്പെട്ടു. ഈ രേഖകൾ തെളിവായി എൻഐഎ കുറ്റപത്രത്തിൽ എഴുതിച്ചേർത്തിരുന്നു.

അവസാനശ്വാസംവരെയും പാവങ്ങൾക്കുള്ള നീതിക്കും സ്വത്തിനുംവേണ്ടി പൊരുതിയ ഫാ. സ്റ്റാൻസ്വാമി സ്വന്തം ജീവിതംകൊണ്ടും രക്തസാക്ഷിത്വംകൊണ്ടും യേശുക്രിസ്തുവിന്റെ കുരിശിന്റെ വഴി പിന്തുടരുകയാണു ചെയ്തത്.

## വായന

### സ്നേഹിക്കുവിൻ

**ദൈവികപുണ്യങ്ങൾ – 3**

**ഗ്രന്ഥകർത്താ** : ഫ്രാൻസീസ് മാർപാപ്പ
**പ്രസാധനം** : കാർമൽ പബ്ലിഷിംഗ് ഹൗസ് തിരുവനന്തപുരം
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : 150 രൂപ




ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ദൈവികപുണ്യങ്ങളിൽ മൂന്നാമത്തേതായ സ്നേഹത്തെക്കുറിച്ചു പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പായുടെ പ്രഭാഷണങ്ങളുടെ സമാഹാരം.

### രാരിക്കുട്ടി

**ധീരതയുടെ പെൺകുട്ടി**

**ഗ്രന്ഥകർത്താ** : മാത്യൂസ് ആർപ്പൂക്കര
**പ്രസാധനം** : സൺഷൈൻ ബുക്സ്, തൃശൂർ
**വിതരണം** : എച്ച്സി സ്റ്റോഴ്സ്
**വില** : 80 രൂപ




ദുരിതങ്ങളും ദുർഘടങ്ങളും നിറഞ്ഞ ബാല്യത്തിന്റെ സഹനവഴികളിൽ നിന്നു സ്വപരിശ്രമത്തിലൂടെ ഉയരങ്ങൾ കീഴടക്കിയ രാരിക്കുട്ടിയെന്ന കൊച്ചുബാലികയുടെ വിജയഗാഥ. കുട്ടികളിൽ ഉണർവും ഉന്മേഷവും നിറയ്ക്കുന്ന കൃതി.



# പി.ടി. ഉഷ @ 60

പ്രത്യേകലേഖകൻ

**ഇ**ന്ത്യയുടെ ഒരേയൊരു ഉഷ, കേരളത്തിന്റെ സ്വന്തം പി. ടി. ഉഷ. ഷഷ്ടിപൂർത്തിനിറവിൽ. ജൂൺ 27 ന് ഉഷയ്ക്ക് 60 തികഞ്ഞു. ഷഷ്ടിപൂർത്തി ആഘോഷമാക്കാൻ പക്ഷേ, ഉഷയ്ക്കു സമയമില്ലായിരുന്നു. ഈ മാസം തുടങ്ങുന്ന പാരീസ് ഒളിമ്പിക്സിൽ ഇന്ത്യൻ ടീമിനെ ഒരുക്കുന്ന തിരക്കിലാണ് ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷന്റെ പ്രഥമ വനിതാപ്രസിഡന്റ്. ഒപ്പം, രാജ്യസഭാംഗമെന്ന നിലയിലുള്ള ചുമതലകളും. 'പാരീസിൽ ഇന്ത്യയുടെ മെഡൽനേട്ടം രണ്ടക്കം ആകണം.' അതാണ് ഉഷയുടെ ലക്ഷ്യം.

പതിനാറാം വയസ്സിൽ, 1980 ൽ മോസ്കോ ഒളിമ്പിക്സിൽ പങ്കെടുത്ത്, ആദ്യമലയാളി വനിതാ ഒളിമ്പ്യൻ എന്നു പേരെടുത്ത പി.ടി. ഉഷ മൂന്ന് ഒളിമ്പിക്സിലും (1980, 84,88) അഞ്ച് ഏഷ്യൻ ഗെയിംസിലും (1982, 86,90,94,98) ഇന്ത്യയ്ക്കായി മത്സരിച്ചു. 1996 ൽ അറ്റ്ലാന്റ ഒളിമ്പിക്സിലും ഉഷ ടീമിൽ ഉണ്ടായിരുന്നെങ്കിലും ട്രാക്കിൽ ഇറങ്ങിയില്ല.

1984 ലെ ലൊസാഞ്ചലസ് ഒളിമ്പിക്സിൽ 400 മീറ്റർ ഹർഡിൽസിൽ സെക്കൻഡിന്റെ നൂറിൽ ഒരു അംശത്തിന് വെങ്കലമെഡൽ നഷ്ടമായ ഉഷയ്ക്ക് കായികജീവിതത്തിലെ ഏറ്റവും വലിയ നഷ്ടവും അതാകും. നേട്ടങ്ങൾ എത്രയോ ഉണ്ട്. പക്ഷേ, 1985 ൽ ജക്കാർത്ത ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ അഞ്ചു സ്വർണം നേടിയതും 1986 ൽ സോൾ ഏഷ്യൻ ഗെയിംസിൽ നാലു സ്വർണം നേടിയതും ആയിരിക്കും ഉഷയുടെ ഏറ്റവും വലിയ നേട്ടങ്ങൾ.

ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിൽ ഉഷ പരിശീലിപ്പിച്ച ടിന്റു ലൂക്ക ഒളിമ്പിക്സിൽ മത്സരിച്ചു. ജിസ്ന മാത്യു ഇന്ത്യൻ ടീമിൽ പലതവണ സാന്നിധ്യം അറിയിച്ചു. ഇപ്പോൾ പരിശീലകയുടെ റോളിന് തൽക്കാലം അവധി നൽകി ഉഷ സ്പോർട്സ് സംഘാടകരംഗത്താണ്. ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ 100 ലേറെ മെഡൽ നേടിയപ്പോൾ ഉഷയായിരുന്നു ഐ.ഒ.എ. അധ്യക്ഷ. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യ മെഡൽ നേട്ടം മെച്ചപ്പെടുത്തിയാൽ ഉഷയ്ക്ക് അഭിമാനിക്കാം. ടോക്കിയോയിൽ ഒരു സ്വർണം ഉൾപ്പെടെ ഏഴു മെഡൽ ആണ് ഇന്ത്യ നേടിയത്.

പി.ടി. ഉഷയ്ക്ക് കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുക്കാൻ സാധിച്ചിട്ടില്ല. ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലും നേട്ടമില്ല. രാജ്യാന്തര നേട്ടം കണക്കിലെടുത്താൽ ഒളിമ്പിക്സ് ചാമ്പ്യനും ലോകചാമ്പ്യനും ഇന്ന് ഇന്ത്യക്കാരനായുണ്ട്. അഞ്ജുബോബി ജോർജിന് കോമൺവെൽത്ത് ഗെയിംസിലും ലോകചാമ്പ്യൻഷിപ്പിലും മെഡൽ കിട്ടി. പക്ഷേ, പി.ടി. ഉഷ തുറന്ന വഴിയിലൂടെയാണ് പിൻതലമുറ കുതിച്ചത്. ഉഷയുടെ നഷ്ടങ്ങളാണ് അവർക്കു പാഠമായത്.

ട്രാക്ക് ആൻഡ് ഫീൽഡിൽ ഒളിമ്പിക്സ് ഫൈനലിൽ കടന്ന നാലാമത്തെ ഇന്ത്യൻ താരവും ആദ്യ ഇന്ത്യൻ വനിതയുമാണ് ഉഷ. ഒളിമ്പിക്സ് മെഡൽ ഇന്ത്യക്കാർക്കു കൈയെത്തും ദൂരത്തിൽ എന്ന് ഉഷ പുതിയ തലമുറയ്ക്കു കാട്ടിക്കൊടുത്തു. ഇന്ത്യൻ ട്രാക്കുകളെയാകെ ഉണർത്താൻ ഉഷയ്ക്കു കഴിഞ്ഞു. രാജ്യത്താകെയും കേരളത്തിൽ പ്രത്യേകിച്ചും താരങ്ങൾക്ക് ഉഷ മാതൃകയായി; പ്രചോദനമായി. അതാണ് ഉഷയുടെ പ്രധാന സംഭാവന. നമ്മൾ ചൂണ്ടിക്കാട്ടുമ്പോൾ അല്ലാതെ 60 തികഞ്ഞെന്നു തോന്നാറില്ലെന്ന് ഉഷ പറയുമ്പോൾ ആ മനസ്സിന്റെ യുവത്വവും ശരീരത്തിന്റെ ആരോഗ്യക്ഷമതയും ഇനിയും ഇന്ത്യൻ സ്പോർട്സിന് പ്രയോജനപ്പെടട്ടേയെന്ന് നമുക്ക് ആശംസിക്കാം. ■

കുടുംബവിളക്ക് 38



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## ആഘോഷം

**ആ**ഘോഷത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. കുടുംബജീവിതത്തിൽ ആഘോഷങ്ങൾ അനിവാര്യമാണ്. സുഖദുഃഖസമ്മിശ്രമാണല്ലോ മനുഷ്യജീവിതം. പലപ്പോഴും സങ്കടങ്ങളാണ് സംഖ്യയിൽ കൂടുതൽ. അവയെ ഒരു പരിധിവരെ മറക്കാനും ശുഭാപ്തിവിശ്വാസത്തോടെ മുന്നേറാനുമൊക്കെ ആഘോഷനിമിഷങ്ങളിലെ നുറുങ്ങുസന്തോഷങ്ങൾ നമ്മെ സഹായിക്കും. അങ്ങനെയുള്ള അവസരങ്ങളിൽ പരസ്പരം പകുത്തുനല്കുന്ന മധുരത്തുണ്ടുകൾ കുടുംബത്തിലെ കുറവുകളുടെ കവർപ്പ് കുറെയെങ്കിലും കുറയ്ക്കും. അതുകൊണ്ടുതന്നെ, ആഘോഷങ്ങൾക്കുള്ള അവസരങ്ങൾ വേണ്ടെന്നു വയ്ക്കരുത്. കൂദാശകളുടെ ആചരണങ്ങൾക്കു പുറമേ ജന്മദിനം, പരീക്ഷയിലുള്ള വിജയം, വിവാഹവാർഷികം, തിരുനാളുകൾ എന്നിവയൊക്കെ കുടുംബാംഗങ്ങൾ ഒരുമിച്ച് ആഘോഷിക്കണം. അപ്രകാരമുള്ള ഒത്തുചേരലുകൾ അവരുടെ ഒരുമയെ ഊട്ടിയുറപ്പിക്കും. ആഘോഷങ്ങളുടെ ആർഭാടത്തിനല്ല, ആത്മാവിനാണ് മൂല്യം കല്പിക്കേണ്ടത്. മിതത്വവും ലാളിത്യവും ആയിരിക്കണം ആഘോഷങ്ങളുടെ ആത്മാവും ആഭരണവും. നമ്മുടെ ആഹ്ലാദപ്രകടനങ്ങളിൽ സ്വർഗം സംപ്രീതമാകണം. അതുപോലെതന്നെ, അവധിക്കാലത്ത് കുടുംബാംഗങ്ങൾ ഒരുമിച്ച് വിനോദയാത്രകളോ തീർഥാടനങ്ങളോ നടത്തുന്നതും വളരെ നന്നായിരിക്കും. കുടുംബത്തിനു ഒരുണർവും ഉന്മേഷവുമൊക്കെ കൈവരാൻ ഇത്തരം സന്ദർഭങ്ങൾ സഹായകമാകും. ക്രൈസ്തവജീവിതം കളങ്കമില്ലാത്ത ആഘോഷങ്ങളുടെ ജീവിതമാണ്. എങ്കിലും, ആഘോഷങ്ങൾക്ക് അതിരുകൾ ഉറപ്പുവരുത്തണം. പരിധിവിട്ടതും മറ്റുള്ളവരുടെ സ്വൈരജീവിതത്തിനു തടസ്സമാകുന്നതുമായ ആഘോഷങ്ങൾ പൂർണമായും ഒഴിവാക്കണം. കുടുംബാന്തസ്സിനും വിശ്വാസത്തിനും നിരക്കാത്തതായ യാതൊന്നും ആഘോഷങ്ങളുടെ ഭാഗമാകാൻ പാടില്ല. അമിതവും അച്ചടക്കമില്ലാത്തതുമായ ആഘോഷങ്ങളിൽ സാത്താൻ അദൃശ്യനായ അതിഥിയായിരിക്കും. ക്രിസ്തുവില്ലാത്ത ആഘോഷങ്ങൾ ക്രൈസ്തവമല്ല. ദൈനംദിനം ദൈവം തരുന്ന അനുഗ്രഹങ്ങളുടെ അനുസ്മരണമാവണം ഓരോ ആഘോഷവും. വിശുദ്ധമായ ആഘോഷങ്ങൾ കൊണ്ടാടപ്പെടുന്ന അൾത്താരകളായി മാറട്ടെ ക്രിസ്തീയ കുടുംബങ്ങൾ.

*'തീർച്ചയായും നിനക്കൊരു ഭാവിയുണ്ട്; നിന്റെ പ്രതീക്ഷയ്ക്കു ഭംഗം നേരിടുകയില്ല.' (പ്രഭാ. 23:18)*



## കിഴക്കൻകാറ്റ്

*11-ാം പേജ് തുടർച്ച*

അങ്ങനൊരു ഭർത്താവിനെയാ എനിക്കും കിട്ടുന്നതെങ്കിൽ ഇപ്പം ഉള്ളതിനേക്കാൾ കൂടുതൽ സങ്കടം ഉണ്ടാകില്ലേ അമ്മയ്ക്ക്? ഞാൻ കല്യാണമൊന്നും കഴിക്കുന്നില്ല. അമ്മയ്ക്ക് ഒരു സഹായമായിട്ട് എന്നും ഞാൻ അമ്മേടെകൂടെ നിന്നോളാം. വയ്യാതാകുമ്പം അമ്മയെ നോക്കാനൊരാളു വേണ്ടേ?"

"അപ്പം നീ വയ്യാതാവുമ്പം നിന്നെ ആരു നോക്കും?"

"അതപ്പഴല്ലേ? ആ കാലത്തൊക്കെ ഒരുപാട് വൃദ്ധമന്ദിരങ്ങളുണ്ടാകും അമ്മേ."

"ഒരമ്മയുടെ ഹൃദയവേദന മനസ്സിലാവണമെങ്കിൽ നീയൊരമ്മയാകണം മോളേ. മക്കളു കല്യാണം കഴിച്ചു ഭർത്താവും കുഞ്ഞുങ്ങളുമായി സ്നേഹത്തോടെയും സന്തോഷത്തോടെയും കഴിയുന്നതു കാണുന്നതാ ഏതൊരമ്മയുടെയും സന്തോഷം. നിന്റെ കാര്യത്തിൽ എനിക്കും അങ്ങനെ തന്നെയാ."

"മതി മതി. കല്യാണക്കാര്യം ഇവിടെ നിറുത്തിയിട്ട് വേറെന്തെങ്കിലും പറ. അമ്മ മൂഡോഫ് ആകണ്ട. സന്തോഷായിട്ടിരിക്ക്."

പിന്നീട് ഒന്നും പറഞ്ഞില്ല സിസിലി. വെളിയിലേക്കു നോക്കി കാഴ്ചകൾ കണ്ടിരുന്നു. എൽസയുടെ മനസ്സിൽ ജയേഷിന്റെയും വർഷയുടെയും കല്യാണച്ചടങ്ങിന്റെ ചിത്രങ്ങളായിരുന്നു. മിടുക്കിപ്പെണ്ണാണ് വർഷ. ജയേഷിനു നന്നായി ചേരും. സന്തോഷകരമായിരിക്കട്ടെ അവരുടെ ദാമ്പത്യജീവിതം. മനസ്സുകൊണ്ട് അവൾ ആശംസകൾ നേർന്നു.

പാരീഷ് ഹാളിലെ സ്വീകരണവും സൽക്കാരവും കഴിഞ്ഞ് ജയേഷും വർഷയും വീട്ടിലെത്തിയപ്പോൾ മണി നാല്. വർഷയുടെ മാതാപിതാക്കൾ മകളുടെ കൈപിടിച്ച് സൂസമ്മയെ ഏല്പിച്ചിട്ടു പറഞ്ഞു:

"അങ്ങോട്ടു തരാ. സ്വന്തം അമ്മയെ സ്നേഹിച്ചതിനെക്കാൾ കൂടുതൽ സ്നേഹിക്കണമെന്നു ഞാനിവളോടു പറഞ്ഞിട്ടുണ്ട്. കുറവുണ്ടെന്ന് എപ്പഴെങ്കിലും തോന്നിയാൽ എന്നെ വിളിച്ചു പറയണം."

"തീർച്ചയായും" സൂസമ്മ ചിരിച്ചു.

മകൾക്ക് ഒരു മുത്തം നൽകിയിട്ട്, യാത്ര പറഞ്ഞ് അവർ ഇറങ്ങി.

രാത്രി ഏഴുമണിക്ക് പ്രാർഥനയ്ക്കായി എല്ലാവരും പ്രാർഥനാമുറിയിൽ വന്നിരുന്നു. അരമണിക്കൂർ നേരത്തെ പ്രാർഥനയ്ക്കുശേഷം എണീറ്റു പരസ്പരം സ്തുതി ചൊല്ലി. അതു കഴിഞ്ഞ് അത്താഴം.

മുകളിലത്തെ നിലയിലായിരുന്നു മണിയറ. ശീതീകരിച്ച മുറിയിലേക്കു വർഷ വലതുകാലുവച്ചു കയറി.

(തുടരും)

Deepanalam Weekly

RNI No : 16998/68
Vol. 57 No. 18 Date of Publication 4 July 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം|ചങ്ങനാശ്ശേരി|ഏറ്റുമാനൂർ|എറണാകുളം|തൊടുപുഴ
ചിങ്ങവനം|സംക്രാന്തി|കടുത്തുരുത്തി|കടുവാക്കുളം|ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD







അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...

Customer Care No.
04822-262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
(ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org